**അടിയന്തരപ്രമേയം**

നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധന

മി. സ്പീക്കർ: പൊതുവിതരണ സമ്പ്രദായവും നെല്ല് വിതരണവും തകരുകയും അരി, പച്ചക്കറി, പലചരക്ക് സാധനങ്ങളുടെ വില വർദ്ധിക്കുകയും ചെയ്തതുമൂലം ജനങ്ങൾക്ക് ബുദ്ധിമുട്ടും ആശങ്കയും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ടി. വി. ഇബ്രാഹിം, ടി. ജെ. വിനോദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ഭക്ഷ്യധാന്യങ്ങൾക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന കേരളത്തിൽ വിലക്കയറ്റം സ്വാഭാവികമായി രൂക്ഷമായി ബാധിക്കേണ്ടതായിരുന്നു. എന്നാൽ സംസ്ഥാന സർക്കാരിന്റെ കാര്യക്ഷമമായ വിപണിയിടപെടൽമൂലം വിലക്കയറ്റം വലിയതോതിൽ പിടിച്ചുനിർത്താൻ കഴിഞ്ഞുവെന്നതാണ് യാഥാർത്ഥ്യം. 2022 ഏപ്രിൽ

മാസത്തിൽ ദേശീയ ഉപഭോക്തൃ വില സൂചിക നിരക്ക് 7.79 ശതമാനമായിരുന്നപ്പോൾ കേരളത്തിൽ അത് ഏറ്റവും കുറഞ്ഞ നിരക്കായ 5.08 ശതമാനമായിരുന്നു. ഈ കാലയളവിൽ ബംഗാളിലേത് 9.12 ശതമാനവും തെലുങ്കാനയിലേത് 9.02 ശതമാനവും ഹരിയനയിലേത് 8.98 ശതമാനവുമായിരുന്നു. ദേശീയതലത്തിൽ വിലക്കയറ്റം രൂക്ഷമായ 2022 ആഗസ്റ്റ് മാസത്തിൽ ദേശീയ ഉപഭോക്തൃ വില സൂചിക നിരക്ക് 7.90 ശതമാനമായിരുന്നപ്പോൾപോലും കേരളത്തിലത് 5.73 ശതമാനം മാത്രമായിരുന്നു. ഭക്ഷ്യധാന്യങ്ങൾ വ്യാപകമായി ഉല്പാദിപ്പിക്കുന്ന പഞ്ചാബ്, കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽപോലും കേരളത്തെക്കാൾ ഉയർന്ന വില സൂചിക നിരക്കാണുണ്ടായിരുന്നതെന്ന കാര്യം നാം തിരിച്ചറിയേണ്ടതുണ്ട്. ഇതിൽനിന്നും നാം മനസ്സിലാക്കേണ്ടത് വിലക്കയറ്റം ഒരു ദേശീയ പ്രതിഭാസമാണെന്ന വസ്തുതയാണ്. ആഗോളതലത്തിലുള്ള പല ഘടകങ്ങളും ഇതിന് കാരണമാകുന്നുണ്ട്. എന്നാൽ ഒരു ഉപഭോക്തൃ സംസ്ഥാനമായിരുന്നിട്ടുപോലും കേരളത്തിൽ വിലക്കയറ്റം രൂക്ഷമാകാതിരുന്നതിനുകാരണം എൽ.ഡി.എഫ്. സർക്കാരിന്റെ ശക്തമായ വിപണിയിടപെടലാണെന്ന കാര്യം പ്രതിപക്ഷം

ഓർക്കണം. ഡിസംബർ 5-ാം തീയതി ഈ സഭയിൽവന്ന ചോദ്യത്തിനുള്ള മറുപടിയായി വിലനിയന്ത്രിക്കാനുള്ള ഇടപെടലിനെ സംബന്ധിച്ച് വിശദമായി പറഞ്ഞതാണ്. ഞാൻ വീണ്ടുമത് ആവർത്തിക്കുന്നില്ല. എങ്കിലും പ്രതിപക്ഷഭാഗത്തുനിന്നും വന്ന ഈ അടിയന്തരപ്രമേയ നോട്ടീസിൽ വസ്തുതയല്ലാത്ത, ഇതിനെ സംബന്ധിച്ച യാഥാർത്ഥ്യങ്ങൾ വ്യക്തമായി മനസ്സിലാക്കാതെ, പഴയ ഏതോ ഒരു അടിയന്തരപ്രമേയത്തിന്റെ നോട്ടീസ് ആവർത്തിച്ച് എഴുതിക്കൊടുത്തതാണോയെന്ന കാര്യം സംശയമാണ്. അത് പറയാൻ കാരണം മറ്റൊന്നുമല്ല, ഓണക്കാലത്ത് സാധാരണ പച്ചക്കറികളുടെ വില വർദ്ധിക്കാറുണ്ട്. തക്കാളിയുടെ വില 125 രൂപയായത് സഭയിലും ചർച്ചയായതാണ്. പച്ചക്കറിയുടെ ഇന്നത്തെ വില സംബന്ധിച്ച് എന്തെങ്കിലും ധാരണ പ്രതിപക്ഷ എം.എൽ.എ.മാർക്കുണ്ടോ? ഇതെന്തൊരു നാണക്കേടാണെന്ന് നിങ്ങൾ ആലോചിക്കണം. .....(ബഹളം)...... പച്ചക്കറിയെ സംബന്ധിച്ച് ....(ബഹളം)......വെണ്ടയ്ക്കയുടെ വില........... (ബഹളം)......

<u>മി. സ്പീക്കർ</u>: ....(ബഹളം)......പ്ലീസ്.......പ്ലീസ്.........ശ്രീ. പി. കെ. ബഷീർ, ........പ്ലീസ്...........(ബഹളം)...... ബഹുമാനപ്പെട്ട മന്ത്രി

പ്രതിപക്ഷത്തെ നോക്കി സംസാരിക്കേണ്ട, ചെയറിനെ നോക്കി സംസാരിക്കണം.

ശ്രീ. ജി. ആർ. അനിൽ: സർ, സഭ അറിയേണ്ട ഒരു കാര്യം, ..... (ബഹളം).... പ്രതിപക്ഷം ബഹളമുണ്ടാക്കിയിട്ട് കാര്യമില്ല, ഉത്തരം മുട്ടുമ്പോൾ കൊഞ്ഞനം കാട്ടുന്ന ഏർപ്പാടാണ് കാണിക്കുന്നത്.....(ബഹളം)....

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അടിയന്തരപ്രമേയ നോട്ടീസിനുള്ള മറുപടി തുടങ്ങുമ്പോൾതന്നെ ബഹുമാനപ്പെട്ട മന്ത്രി, പ്രതിപക്ഷ എം.എൽ.എ.മാർക്ക് വിവരമുണ്ടോയെന്നൊക്കെ ചോദിക്കേണ്ട കാര്യമുണ്ടോ?.......(ബഹളം).....

മി. സ്പീക്കർ: .......(ബഹളം)......ശ്രീ. പി. കെ. ബഷീർ ........പ്ലീസ്.... ബഹുമാനപ്പെട്ട മന്ത്രി ചെയറിനെ അഡ്രസ് ചെയ്ത് സംസാരിക്കൂ.

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് പറഞ്ഞത് ഞാനിവിടെ പറഞ്ഞ വാക്കല്ല. മാർക്കറ്റിനെ സംബന്ധിച്ച്, യാഥാർത്ഥ്യങ്ങളെ സംബന്ധിച്ച് മനസ്സിലാകാതെ ഇത്തരത്തിൽ എഴുതിക്കൊടുത്തതുകൊണ്ട് ഞാൻ സൂചിപ്പിച്ചതാണ്.

മി. സ്പീക്കർ: പോയിന്റ് ക്ലിയറാണ്.

ശ്രീ. ജി. ആർ. അനിൽ: സർ, തക്കാളിക്ക് ഇന്ന് മാർക്കറ്റിലെ വില 24 രൂപയാണ്. വെണ്ടയ്ക്കയുടെ വില 20 രൂപയും പയറിന്റെ വില 75 രൂപയും പടവലത്തിന് 40 രൂപയുമാണ്. കർഷക പ്രസ്ഥാനത്തിന് നേതൃത്വം കൊടുക്കുന്ന നിരവധി കർഷക സുഹൃത്തുക്കൾ സഭയിലുണ്ട്. അവരുൾപ്പെടുന്ന കൃഷിക്കാർ ആവശ്യപ്പെടുന്നത് വില വർദ്ധിപ്പിക്കണമെന്നാണ്, അവർക്ക് ന്യായവില കിട്ടണമെന്നാണ്. ഇന്ത്യയിലെ ഒരു സംസ്ഥാനത്തും പച്ചക്കറിക്ക് മിനിമം സപ്പോർട്ട് പ്രൈസ് (എം.എസ്.പി.) ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ കേരളത്തിൽ 16 ഉല്പന്നങ്ങൾക്ക് എം.എസ്.പി. ഏർപ്പെടുത്തിയിട്ടുണ്ട്. പച്ചക്കറികൾക്ക് വില ലഭിക്കാത്തതിനാൽ കേരളത്തിലെ കൃഷിക്കാർക്ക് കൃഷി വകുപ്പ് മിനിമം സപ്പോർട്ട് പ്രൈസ് നൽകുകയാണ്. അക്കാര്യം മനസ്സിലാക്കണ്ടേ; എന്താണ് പ്രതിപക്ഷം പറയുന്നത്, നെല്ലിന്റെ ഉല്പാദനം കുറഞ്ഞെന്നാണ് അവർ പറയുന്നത്, നെല്ലിന്റെ ഉല്പാദനത്തിന്റെ യഥാർത്ഥ ചിത്രം നിങ്ങൾ പരിശോധിക്കണം. ഗവൺമെന്റ് സംഭരിക്കുന്നതുമാത്രമല്ല, കേരളത്തിലെ

ഉല്പാദനരംഗത്ത് വലിയ മാറ്റമുണ്ടായില്ലേ; 2016-17-ൽ 4.53 ലക്ഷം മെട്രിക് ടൺ നെല്ലാണ് സപ്ലൈകോ സംഭരിച്ചത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അതുകൊണ്ടാണോ നെല്ലിന്റെ വില കൂടിയത്?

ശ്രീ. ജി. ആർ. അനിൽ: അതെല്ലാം പറഞ്ഞുതരാം. നിങ്ങൾ സമയം തന്നാൽ മതി.

മി. സ്പീക്കർ: Commentary-ക്ക് റിപ്ലൈ ചെയ്യേണ്ട. കമന്റുകൾ ശ്രദ്ധിക്കേണ്ട.

ശ്രീ. ജി. ആർ. അനിൽ: സർ, 2016-17-ൽ 4.53 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ച സ്ഥാനത്ത് 2020-21-ൽ 7.64 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചു. ഇതെല്ലാം യാഥാർത്ഥ്യമല്ലേ; 2021-22-ൽ 254066 കർഷകരിൽനിന്നും 7.48 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചു. ഒരു സീസണേ ആയിട്ടുള്ളൂവെങ്കിലും നടപ്പ് സംഭരണ സീസണിൽ ഇതുവരെ 42265 കർഷകരിൽനിന്നും 1.36 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിരിക്കുകയാണ്. സംഭരിച്ച നെല്ലിന് 165,21,00,000 രൂപ 19,287

കർഷകർക്ക് നൽകിയിരിക്കുകയാണ്. ഇതുസംബന്ധിച്ച് ഒന്നുകൂടി പ്രിയപ്പെട്ട സുഹൃത്തുക്കൾ അറിയേണ്ടതുണ്ട്. നിങ്ങൾ കുറച്ചുകൂടി വസ്തുതകളിലേയ്ക്ക് വരണം, പഴയ രീതിയിൽ ചിന്തിക്കരുത്.

മി. സ്പീക്കർ: അങ്ങ് ചെയറിനെ അഡ്രസ് ചെയ്ത് സംസാരിക്കൂ.

ശ്രീ. ജി. ആർ. അനിൽ: എന്തുകൊണ്ടാണ് ഞാൻ അങ്ങനെ പറഞ്ഞതെന്നുവച്ചാൽ, രാജ്യത്തെ ഈ അവസ്ഥയിലേയ്ക്ക് എത്തിച്ചത് പ്രതിപക്ഷത്തിരിക്കുന്ന യു.ഡി.എഫ്.-ലെ കോൺഗ്രസ്സുകാരാണ് എന്നതുകൊണ്ടാണ്. ഒരു സഭയിൽ ഞാനിത് വളരെ വിശദമായി പറഞ്ഞിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങ് അരിയുടെ കാര്യം പറയണം.

ശ്രീ. ജി. ആർ. അനിൽ: അരിയുടെ കാര്യം ഞാൻ പറയാം.

മി. സ്പീക്കർ: റണ്ണിംഗ് കമെന്ററികൾ ignore ചെയ്താൽ മതി.

ശ്രീ. ജി. ആർ. അനിൽ: സർ, ഇത്തരത്തിൽ കേരളത്തിലെ കൃഷിക്കാരിൽനിന്നും സംഭരിക്കുന്ന നെല്ല് അരിയാക്കി മാറ്റുമ്പോൾ കണക്കനുസരിച്ച് ഏകദേശം ..........കഴിഞ്ഞ വർഷം സംഭരിച്ച നെല്ല്

Custom Milled Rice (സി.എം.ആർ.) ആക്കി മാറ്റിയപ്പോൾ 4.60 ലക്ഷം മെട്രിക് ടൺ സി.എം.ആർ. ലഭിച്ചു. ആ സി.എം.ആർ. എവിടെയാണ് പോകുന്നത്? ആ സി.എം.ആർ. കേരളത്തിലെ റേഷൻ കടകളിലൂടെ കാർഡുടമകൾക്ക് ലഭിക്കുകയാണ്. ഒരു കിലോ അരി റേഷൻ കടയിലൂടെ കാർഡുടമകൾക്ക് കിട്ടുമ്പോൾ 53 രൂപ 98 പൈസയാണ് ഗവൺമെന്റിന് ചെലവാകുന്നത്. അത് മറന്നുപോകരുത്. കേരളത്തിലെ മാർക്കറ്റിൽ 55-ഉം 60-ഉം രൂപ വിലയുള്ള അരി സൗജന്യമായി എ.എ.വൈ. കാർഡുടമകൾക്ക് നൽകുകയാണ്. നിങ്ങൾ അറിയേണ്ടത്, കേരളത്തിലെ എ.എ.വൈ. കാർഡ് (മഞ്ഞ കാർഡ്) ഉടമകൾക്ക് സൗജന്യമായാണ് അരി കൊടുക്കുന്നത് എന്നതാണ്. ലക്ഷക്കണക്കിന് ചുവന്ന കാർഡുകാർക്ക് 2 രൂപ നിരക്കിലും നീല കാർഡുകാർക്ക് 4 രൂപ നിരക്കിലും വെള്ള കാർഡുകാർക്ക് 10 രൂപ 90 പൈസക്കുമാണ് അരി നൽകുന്നത്. ഇത്രയേറെ വിലപിടിപ്പുള്ള നെല്ലിൽനിന്നും പ്രോസസ് ചെയ്തെടുക്കുന്ന അരി ഈ വിലയ്ക്ക് കൊടുക്കുന്നതിന്റെ യാഥാർത്ഥ്യം പ്രതിപക്ഷം മനസ്സിലാക്കണ്ടേ; ഇത്രയധികം സബ്സിഡി കൊടുത്തുകൊണ്ട്; ഇത്രയേറെ സൗജന്യം കൊടുത്തുകൊണ്ട്; ഒരേ സമയത്ത് ഇത്രയധികം കൃഷിക്കാരെയും

ഗുണഭോക്താക്കളായ റേഷൻ കാർഡുടമകളെയും ഒരുപോലെ സഹായിക്കാൻ കേരളത്തിലെ ഗവൺമെന്റ് ചെലവഴിക്കുന്ന തുക എത്രയാണെന്നറിയാമോ? കേരളത്തിലെ ഗവൺമെന്റ് ഒരു വർഷം 1,600 കോടി രൂപയാണ് ഇതിനായി ചെലവഴിക്കുന്നത്. പൊതുവിതരണ രംഗമാകെ താറുമാറായിയെന്നാണ് പ്രതിപക്ഷം പറയുന്നത്. പൊതുവിതരണ സമ്പ്രദായത്തിന്റെ തകർച്ചയെന്നാണ് (ബഹളം...).

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, മറുപടി പറഞ്ഞോളൂ.

ശ്രീ. ജി. ആർ. അനിൽ: സർ, യഥാർത്ഥത്തിൽ അടിയന്തരപ്രമേയം പിൻവലിച്ച് പ്രതിപക്ഷം നമ്മളോടൊപ്പം സഹകരിക്കേണ്ടതാണ്. ഇവർക്ക് അബദ്ധം പറ്റിയതാണ്. ഇതുപറയാൻ കാരണം അയൽസംസ്ഥാനങ്ങളായ തമിഴ്നാട്ടിലോ കർണ്ണാടകയിലോ ഇന്ത്യയിലെ ഏതെങ്കിലുമൊരു സംസ്ഥാനത്ത് കേരളത്തിലെപോലെ ശക്തമായ പൊതുവിതരണ സംവിധാനം നിലവിലുണ്ടോ. എതിർപ്പുണ്ടെങ്കിൽ പറയാം. ഇന്ത്യയിൽ ഏതെങ്കിലുമൊരു സംസ്ഥാനത്ത് നിലവിലുണ്ടോ. കേരളത്തിൽ തൊണ്ണൂറ്റി മൂന്ന് ലക്ഷം കാർഡുടമകളാണ് നിലവിലുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2,86,000 പുതിയ കാർഡ് എല്ലാ

കുടുംബങ്ങൾക്കും നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്. കാർഡ് നൽകൽ മാത്രമല്ല പൊതുവിതരണകേന്ദ്രങ്ങൾ, റേഷൻ കടയുടെ പ്രവർത്തനം എന്നിവയും പരിശോധിക്കണം. റേഷൻ കടകളിലെ കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാകും. ജൂലൈ മാസത്തിൽ 96% എ.എ.വൈ. കാർഡുടമകളും റേഷൻ വാങ്ങിയിരിക്കുകയാണ്. ആഗസ്റ്റ് മാസത്തിൽ 98% ശതമാനമാണ്. ശരാശരി 96%, 98%, 95% എന്നിങ്ങനെയാണ്. കേരളത്തിലെ കാർഡുടമകളിൽ 90% പേരും റേഷൻ കടകളിൽവന്ന് കൃത്യമായി ഭക്ഷ്യസാധനങ്ങൾ വാങ്ങുകയാണ്. പൊതുവിതരണ രംഗം ശക്തമാണ്. നമ്മുടെ സംസ്ഥാനത്തെ സപ്ലൈകോ ഔട്ട്ലെറ്റുകൾ മാത്രമല്ല കൺസ്യൂമർ ഫെഡ് സ്ഥാപനങ്ങളിലൂടെ ന്യായവിലയ്ക്ക് ഉൽപ്പന്നങ്ങൾ കൊടുക്കുന്നതിലൂടെ കേരളത്തിന്റെ മഹാഭൂരിപക്ഷം കുടുംബങ്ങൾക്കും ആശ്വാസം പകരാൻ കഴിയുന്നുണ്ട്. വിലക്കയറ്റമുണ്ടാകുമ്പോൾ ബ്രാൻഡഡ് ഉൽപ്പന്നങ്ങൾ വാങ്ങുന്ന ചില കുടുംബങ്ങൾക്ക് വില കൂടുതൽ കൊടുത്ത് വാങ്ങേണ്ടതായി വരും. പക്ഷേ, കേരളത്തിലെ ഇടത്തരം കുടുംബങ്ങൾ ആശ്രയിക്കുന്ന പൊതുമേഖലാ സ്ഥാപനമായ സപ്ലൈകോ, കൺസ്യൂമർ ഫെഡ്, പൊതുവിതരണകേന്ദ്രമായ റേഷൻ കടകൾ എന്നിവയെല്ലാം ഇന്ന്

കേരളത്തിൽ ശക്തമാണ്. പഴയ അവസ്ഥയല്ല ഇന്നുള്ളത്. അത്തരം ഒരു സാഹചര്യത്തിലേയ്ക്ക് കേരളത്തെ നയിച്ചത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ്. കഴിഞ്ഞ ആറ് വർഷമായി സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ഫലപ്രദമായ ഇടപെടലുകളാണ് പൊതുവിതരണ രംഗത്ത് നടത്തുന്നത്. ആറായിരത്തിലധികം കോടി രൂപയാണ് ഇതിനുവേണ്ടി ചെലവഴിച്ചത്. ഓരോ ഉൽപ്പന്നങ്ങളുടെയും വിലയും കണക്കും പറഞ്ഞ് സമയം കളയുന്നില്ല. പലതവണ ആവർത്തിച്ചതാണ്. ഭരണകക്ഷിക്ക് മാത്രമാണോ ഇതിന്റെ ഉത്തരവാദിത്വം. പൊതുവിതരണ രംഗം ശക്തിപ്പെടുത്തേണ്ടതും നിലനിർത്തേണ്ടതും പ്രതിപക്ഷത്തിന്റെകൂടെ ഉത്തരവാദിത്വമല്ലേ. കേരളത്തിലെ പൊതുവിതരണ കേന്ദ്രത്തിൽ നിങ്ങളുടെ കുടുംബവും പോകുന്നതല്ലേ. ആ കാഴ്ചപ്പാട് ഉണ്ടാകേണ്ടതല്ലേ. അതിനുപകരം ഈ രീതിയിലേയ്ക്ക് പോകുന്നത് ശരിയാണോ. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ലെന്ന് സൂചിപ്പിക്കുകയാണ്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, പൊതുവിതരണ സമ്പ്രദായത്തിന്റെ

തകർച്ചയും വിപണിയിൽ ഇടപെട്ട് വില നിയന്ത്രിക്കാൻ സർക്കാർ പരാജയപ്പെട്ടതും നെല്ലുസംഭരണം പാളിയതുമൂലം അരി, പച്ചക്കറി, പലചരക്ക് സാധനങ്ങളുടെ വില ക്രമാതീതമായി കുതിച്ചുയരുന്നത് കാരണം ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ടും ആശങ്കയും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാണ് ഞാൻ ഈ അടിയന്തരപ്രമേയ നോട്ടീസിലൂടെ ആവശ്യപ്പെടുന്നത്. ഒരു ഭരണാധികാരിയുടെ ജാഗ്രത വരിയിൽ അവസാനം നിൽക്കുന്ന മനുഷ്യരിലാകണം എന്നാണ് മഹാത്മജി പറഞ്ഞിട്ടുള്ളത്. എന്നാൽ ഈ സർക്കാരിന്റെ ജാഗ്രത ഇതിലൊന്നുമില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി വ്യക്തമാക്കുന്നത്. മന്ത്രിയുടെ സംസാരം കേട്ടപ്പോൾ എനിക്ക് തോന്നിയത് പതിനഞ്ചാം കേരള നിയമസഭ കണ്ടതിൽവച്ച് ഏറ്റവും വലിയ തമാശയാണ് മന്ത്രി ഇവിടെ പറഞ്ഞിട്ടുള്ളതെന്നാണ്. വില കുതിച്ചുയർന്നിട്ടില്ലെന്നും വിലവർദ്ധനവുണ്ടായിട്ടില്ലെന്നും മന്ത്രിക്ക് പറയാൻ ഇത്രമാത്രം ധൈര്യം എവിടെനിന്ന് കിട്ടിയതെന്നറിയില്ല. ഞാനൊരു സംഭവം പറയാം. പതിനഞ്ചാം കേരള നിയമസഭയിലെ ഏഴാം സമ്മേളനത്തിലെ ആദ്യ ദിവസമായ 05-12-2022-ലെ ഒന്നാമത്തെ ചോദ്യം സഭയിൽ ഉന്നയിച്ചത്

ബഹുമാനപ്പെട്ട ഭരണകക്ഷി എം.എൽ.എ.-മാരാണ്. അത് പ്രതിപക്ഷം കൊണ്ടുവന്ന ചോദ്യമല്ല. സർവ്വശ്രീ ഒ. ആർ. കേളു, കെ. കെ. രാമചന്ദ്രൻ, പി.ടി.എ. റഹീം, ആന്റണി ജോൺ തുടങ്ങിയ നാലുപേരാണ് ചോദ്യകർത്താക്കൾ. വിലക്കയറ്റവും അതിന്റെ രൂക്ഷതയും വ്യക്തമാക്കികൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രിപോലും മറുപടി പറഞ്ഞത്. എന്നിട്ടിപ്പോൾ പ്രതിപക്ഷത്തെ കളിയാക്കുന്നതിൽ എന്തർത്ഥമാണുള്ളത്? ഇതാണ് വിലക്കയറ്റത്തിന്റെ രൂക്ഷത വർദ്ധിപ്പിക്കുന്നത്. മറ്റൊരു സംഭവംകൂടി ഞാൻ പറയാം. അഞ്ച് അപ്പവും മുട്ടക്കറിയും ഉൾപ്പെടുന്ന പ്രഭാതഭക്ഷണത്തിന് 184 രൂപ ഈടാക്കിയ കണിച്ചുകുളങ്ങരയിലെ സാധാരണ ഹോട്ടലിനെതിരെ ഒരു ഭരണകക്ഷി എം.എൽ.എ. ജില്ലാ കളക്ടർക്ക് പരാതി നൽകിയെന്ന വാർത്ത ഈ വർഷാരംഭത്തിൽ കൗതുകത്തിനപ്പുറം വർത്തമാനകാല യാഥാർത്ഥ്യങ്ങളെയാണ് തുറന്നുകാണിക്കുന്നത്. വിലക്കയറ്റമെന്ന മഹാവ്യാധിയിൽപ്പെട്ട് ജനം നട്ടംതിരിയുകയാണ്. ഖജനാവ് നിറയ്ക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ യാതൊരു കരുതലും കരുണയും കാണിക്കാതെയാണ് പുതിയ നികുതിയും ഫീസും പൊതുജനങ്ങളിൽ അടിച്ചേൽപ്പിച്ചുകൊണ്ടിരിക്കുന്നത്. ഇടതുപക്ഷ

ജനാധിപത്യമുന്നണി ഭരണകാലത്ത് വിലക്കയറ്റം ഉണ്ടായിട്ടില്ലെന്നും മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറവാണെന്നുമാണ് പറഞ്ഞിട്ടുള്ളത്. 2016-ലെ ദേശാഭിമാനി പത്രത്തിലെ പ്രധാന വാർത്തയായി പറഞ്ഞിരിക്കുന്നത് അഞ്ചുവർഷം വില വർദ്ധിക്കില്ലെന്നാണ്. എന്നാൽ അതേ ദേശാഭിമാനിതന്നെ പറയുന്നത് വില കുതിക്കുകയാണെന്നാണ്. 'കുറയാതെ വിലകയറ്റം' എന്ന് മലയാള മനോരമ വലിയ തലക്കെട്ടിൽ പ്രസിദ്ധീകരിച്ചിരിക്കുന്നു. മാതൃഭൂമി ദിനപ്പത്രം 05-11-2022-ൽ 'റേഷൻ പുഴക്കലരിക്ക് ക്ഷാമം', 'കിട്ടുന്നത് ഏറെയും പച്ചരി' എന്നാണ്, ഇത് യാഥാർത്ഥ്യവുമാണ്. അതുപോലെതന്നെ 'പലവ്യഞ്ജനങ്ങളുടെ വിലയും ഉയർന്നുതന്നെ', 'സപ്ലൈകോയും കൈവിടുന്നു' എന്ന് കേരള കൗമുദി റിപ്പോർട്ട് ചെയ്യുന്നു. 'തിളച്ചുമറിഞ്ഞ് പച്ചക്കറി വില' എന്നാണ് മംഗളം പത്രം 08-09-2022-ൽ പറഞ്ഞിരിക്കുന്നത്. 'അരി വില കുതിച്ചുയരുന്നു' എന്ന് മാധ്യമം പത്രം പറയുന്നു. 'ഇനി അന്നംമുട്ടും' എന്ന് മാതൃഭൂമി ദിനപ്പത്രം വീണ്ടും പറയുന്നു. കേരളത്തിലെ പത്രങ്ങൾ കളവുപറയുകയാണോ, ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയാണോ, പ്രതിപക്ഷമാണോ കളവുപറയുന്നത്? അതോ ഭക്ഷ്യ വകുപ്പുമന്ത്രി സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണോയെന്നാണ്

ഞങ്ങൾക്ക് അറിയാനുള്ളത്. സംസ്ഥാനത്ത് ഒരു വർഷത്തിനിടെ മുഖ്യ ആഹാരമായ അരിയുടെ വില നേരെ ഇരട്ടിയായിട്ടുണ്ട്. അരിയുടെ വില കുതിച്ചുയർന്നാൽ അന്നം മുട്ടാൻ അധികം നാൾ വേണ്ടിവരില്ല. കേരളത്തിൽ ഏറ്റവും കൂടുതൽ ആളുകൾ ഉപയോഗിക്കുന്ന ജ്യോതി അരി വില 38 രൂപയായിരുന്നത് ഇന്ന് 62 രൂപയാണ്. അതുപോലെ മട്ട ഒരു കിലോഗ്രാമിന് 37 രൂപയായിരുന്നത് ഇപ്പോൾ 58 രൂപയാണ്. ഒരു കിലോഗ്രാം ജയ അരിക്ക് 36 രൂപയായിരുന്നത് ഇന്ന് 56 രൂപയാണ്. ഒരു കിലോ പൊന്നി അരിക്ക് 35 രൂപയായിരുന്നത് ഇപ്പോൾ 45 രൂപയാണ്. കേരളത്തിലെ ജനങ്ങളുടെ സ്ഥിതി വളരെ പരിതാപകരമാണ്. കേരളത്തിൽ നാൽപ്പത് ലക്ഷം ടൺ അരിയാണ് ഒരു മാസം ഉപയോഗിക്കുന്നത്. അതിൽ സംസ്ഥാന ഗവൺമെന്റ് നൽകുന്നത് വെറും 16 ലക്ഷം ടൺ മാത്രമാണ്. നാൽപ്പത് ലക്ഷം ടൺ ആവശ്യമുള്ള സ്ഥാനത്ത് 16 ലക്ഷം ടൺ മാത്രമാണ് സംസ്ഥാന ഗവൺമെന്റ് കൊടുക്കുന്നത്. ബാക്കി 24 ലക്ഷവും പൊതുവിപണിയിൽനിന്നാണ് കണ്ടെത്തേണ്ടത്. ആ പൊതുവിപണിയിൽ സർക്കാർ ഇടപെടുന്നുമില്ല. പൊതുവിപണിയിലെ മാർക്കറ്റ് വില നിയന്ത്രിക്കുന്നില്ല. മാർക്കറ്റ് വില നിയന്ത്രിക്കുന്നതിനുവേണ്ടി

പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തേണ്ടതാണ്. കേരളത്തിലെ പൊതുവിതരണ സമ്പ്രദായം ഇടതുപക്ഷ ജനാധിപത്യമുന്നണി രൂപീകരിച്ചപ്പോൾ ആരംഭിച്ചതല്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ പാർട്ടിക്കാരനായ ശ്രീ. ഇ. ചന്ദ്രശേഖരൻ ഉൾപ്പെടെയുള്ള ഞങ്ങളുടെ യു. എ. ബീരാൻ സാഹിബ് അടക്കമുള്ള പ്രഗത്ഭരായ മന്ത്രിമാർ കേരളത്തിലെ ഭക്ഷ്യവകുപ്പ് കൈകാര്യം ചെയ്യുകയും പൊതുവിതരണസമ്പ്രദായം ശക്തിപ്പെടുത്തിയതിന്റെയും അടിസ്ഥാനത്തിലാണ് ഇന്ന് ഈ രീതിയിലെങ്കിലും മുന്നോട്ടുപോകുന്നത്. ബഹുമാനപ്പെട്ട മന്ത്രി, മറ്റ് സംസ്ഥാനങ്ങളെ താരമ്യം ചെയ്തുകൊണ്ട് ഇവിടെ നിന്ന് രക്ഷപ്പെടാൻ ശ്രമിക്കരുത്. മന്ത്രിയുടെ മറുപടി കേട്ടാൽ തോന്നുന്നത് അദ്ദേഹം ഏതോ വെള്ളരിക്കാപ്പട്ടണത്തിലെ മന്ത്രിയാണ് എന്നുള്ള രീതിയിലാണ് സംസാരങ്ങളൊക്കെ വരുന്നത്.........(ബഹളം)...... ഏതോ ഒരു വെള്ളരിക്കാപ്പള്ളണത്തിലാണ്. ഇങ്ങനെ അരിവില കുതിച്ചുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ......ബഹുമാനപ്പെട്ട സി.കെ. ആശ ചെയറിലിരിക്കേണ്ട ആളാണ്, ഇങ്ങനെ നിരന്തരം ശല്യം ചെയ്യുകയാണ്...ശ്രീമതി സി. കെ. ആശ എന്റെ മുമ്പിലിരുന്നാണ് ഇങ്ങനെ ശല്യം ചെയ്യുന്നത്......(ബഹളം)......

മി. സ്പീക്കർ: യെസ്...യെസ്....നിങ്ങളുടെ സമയമാണ് പോകുന്നത്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, അരി വില ഇങ്ങനെ കുതിച്ചു വാണംപോലെ ഉയർന്നുകൊണ്ടിരിക്കുമ്പോൾ കേരളത്തിലെ സപ്ലൈകോ നോക്കുകുത്തിയായിരിക്കുകയാണ്. സപ്ലൈകോയിൽ അങ്ങനെയുണ്ട്, ഇങ്ങനെയുണ്ട്, വില കൂടിയിട്ടില്ല എന്നൊക്കെ പറയുന്നല്ലോ; വില കൂടിയതിന്റെ കണക്ക് എന്റെ കയ്യിലുണ്ട്. മന്ത്രി തന്ന കണക്ക് ഇവിടെയുണ്ട്. സപ്ലൈകോയിൽ സാധനങ്ങളുണ്ടോ; ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സപ്ലൈകോയ്ക്ക് ആകെ ഒരു വർഷം കൊടുക്കുന്ന സബ്സിഡിത്തുക 200 കോടി രൂപയാണ്. ആ 200 കോടി രൂപ കൊണ്ട് വളരെ കുറഞ്ഞ ഐറ്റംസ് മാത്രമേ സപ്ലൈകോയിൽനിന്ന് കൊടുക്കുന്നുള്ളൂ. അത് തീർന്നാൽ പിന്നെ സാധനങ്ങളില്ല എന്നാണ് സപ്ലൈകോയിൽ ചെന്നാൽ ലഭിക്കുന്ന മറുപടി. വില നിയന്ത്രണാതീതമായി ഉയരുന്നതിനിടയിൽ സാധാരണക്കാർക്ക് സപ്ലൈകോയിൽ പോയാൽ സാന്ത്വനം കിട്ടുന്നത് എങ്ങനെയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയണം. സപ്ലൈകോയിൽ സാധനങ്ങളില്ല. സപ്ലൈകോ അന്യ സംസ്ഥാനങ്ങളിൽ നിന്ന് വാങ്ങിച്ചിട്ടുള്ള സാധനങ്ങൾക്ക് കാശ് കൊടുക്കാനുള്ളതുകൊണ്ട് ഇപ്പോൾ സപ്ലൈകോയ്ക്ക് സാധനങ്ങൾ

കൊടുക്കുന്നില്ല. ആ രീതിയിലേക്ക് സപ്ലൈകോയെ കേവലം നോക്കുകുത്തിയാക്കി മാറ്റുകയല്ലേ ബഹുമാനപ്പെട്ട മന്ത്രിയും അദ്ദേഹത്തിന്റെ ഇപ്പോഴത്തെ ഭരണവും. ഇങ്ങനെ വില കുതിച്ചുകൊണ്ടിരിക്കുമ്പോൾ വിലനിലവാരം വർദ്ധിച്ചുകൊണ്ടിരിക്കുന്ന കണക്കുകൾ എല്ലാദിവസവും ബഹുമാനപ്പെട്ട മന്ത്രിയുടെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ടേബിളിൽ വരുന്നുണ്ട്. പക്ഷേ അതൊക്കെ നോക്കിക്കൊണ്ട് ഇവിടെ വിലക്കയറ്റമില്ല എന്നുള്ള രീതിയിൽ നിസ്സംഗമായി നിൽക്കുന്ന ഒരു ഭരണവർഗ്ഗമാണ് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ മുഖമുദ്രയായി, സംസ്ഥാനത്തിന്റെ ഏറ്റവും വലിയ പരാജയമായി നിൽക്കുന്നത്. കേരളത്തിൽ സെപ്റ്റംബർ മാസത്തിൽ 5.73 ശതമാനം വിലവർദ്ധനവുണ്ടായി എന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ സമ്മതിച്ചു. എന്നാൽ ഇന്ന് അത് 6.45 ശതമാനമായി വർദ്ധിക്കുകയും ഏകദേശം ഒരു ശതമാനം വീണ്ടും വർദ്ധിച്ചുവെന്നുള്ള യാഥാർത്ഥ്യംകൂടി മന്ത്രി തിരിച്ചറിയേണ്ടതുണ്ട്. ഇതിന്റെകൂടെ പച്ചക്കറി, പാൽ, പഴവർഗ്ഗങ്ങൾ, ഭക്ഷ്യ എണ്ണ എന്നിവയുടെയും വില ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി പലവ്യഞ്ജനങ്ങളുടെയും മറ്റ് സാധനങ്ങളുടെയും വില ഇവിടെ പറയുകയുണ്ടായി. എന്നാൽ യഥാർത്ഥ

മാർക്കറ്റിൽ പോയാൽ ഇതല്ല സ്ഥിതി. ഞാൻ കൊണ്ടോട്ടി മാർക്കറ്റിൽനിന്ന് ഇന്നലെ വൈകുന്നേരം എടുത്ത കണക്കുപ്രകാരം രണ്ടുമാസം മുമ്പ് മുരിങ്ങയ്ക്ക 60 രൂപയുണ്ടായിരുന്നത് ഇപ്പോൾ 110 രൂപയാണ്. അതുപോലെ തന്നെ കാരറ്റിന് 30 രൂപയായിരുന്നത് 80 രൂപയായി മാറിയിട്ടുണ്ട്. വെളുത്തുള്ളി 35 രൂപയായിരുന്നത് 100 രൂപയ്ക്കേ ഇപ്പോൾ കിട്ടുകയുള്ളൂ. ചെറിയഉള്ളി 30 രൂപയായിരുന്നത് 90 രൂപയായി മൂന്നിരട്ടി വർദ്ധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്ററൊക്കെ ശ്രദ്ധിക്കണം. ഭരണമുണ്ട് എന്നുള്ളതുകൊണ്ട് ജനങ്ങളുടെ പോക്കറ്റടിച്ച്, നികുതിയും ജി.എസ്.ടി.-യുമെല്ലാം വർദ്ധിപ്പിച്ചുകൊണ്ട് ജനങ്ങൾ ദുരിതത്തിലാണ് എന്നുള്ള യാഥാർത്ഥ്യം മറന്നുപോകരുത്. ബീൻസിന് 35 രൂപയായിരുന്നത് 80 രൂപയാണ്. രണ്ടുമാസം മുമ്പ് പാവയ്ക്ക ഒരു കിലോയ്ക്ക് 40 രൂപയായിരുന്നത് ഇപ്പോൾ 80 രൂപയാണ്. കോവയ്ക്ക 40 രൂപയിൽ നിന്നും 80 രൂപയായി. കത്തിരിക്ക 25 രൂപയിൽ നിന്നും 50 രൂപയായി മാറിയിട്ടുണ്ട്. പയർ 50 രൂപയിൽ നിന്ന് 70 രൂപയായിട്ടുണ്ട്. ഇത് പച്ചക്കറി സാധനങ്ങളുടെ വിലനിലവാരമാണ്. അതുപോലെയാണ് നിർമ്മാണ മേഖല. നിർമ്മാണ മേഖല ആകെ സ്തംഭിച്ചുനിൽക്കുകയാണ്. നിർമ്മാണ

മേഖലയിൽ കമ്പിക്കും സിമന്റിനും വിലകൂടിയിട്ടുണ്ട്. ഒരു ചാക്ക് സിമന്റിന് വില 500 രൂപ കടന്നു. ഇതിന്റെ ഫലമെന്താണ്; ഇതിന്റെ ഫലമായി നിർമ്മാണ മേഖല സ്തംഭിച്ചുപോയി. ആളുകൾക്ക് തൊഴിലില്ലാതായി. തൊഴിലില്ലാതെ, വരുമാനമില്ലാത്ത ആളുകൾ ഇന്ന് പട്ടിണിയും പരിവട്ടത്തിലുമായിട്ടുണ്ടെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് ഗവൺമെന്റും മന്ത്രിയും ഉണർന്നുപ്രവർത്തിക്കേണ്ടതുണ്ട്. സിമന്റിൽ നിന്നായിരുന്നു കേരളത്തിന് ഏറ്റവും കൂടുതൽ ജി.എസ്.ടി. ലഭിച്ചിരുന്നത്.

മി. സ്പീക്കർ: ശ്രീ. ടി. വി. ഇബ്രാഹിം, അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഇങ്ങനെയുള്ള യാഥാർത്ഥ്യം മറച്ചുവച്ചുകൊണ്ട് കേന്ദ്രഗവൺമെന്റാണ് ഉത്തരവാദിയെന്ന് ഇവിടെ പറയും. കേന്ദ്ര ഗവൺമെന്റിനോട് ചോദിച്ചാൽ യുക്രൈനും റഷ്യയും തമ്മിലുള്ള യുദ്ധമാണ് ഇതിന് കാരണമെന്ന് പറയും. ഇതാണ് യാഥാർത്ഥ്യം. ഈ യാഥാർത്ഥ്യം ഉൾക്കൊള്ളുകൊണ്ട് കേന്ദ്രഗവൺമെന്റിനെ കുറ്റംപറഞ്ഞ് രക്ഷപ്പെടാൻ കഴിയില്ല. ക്രൂഡ് ഓയിലിന്റെ വില വർദ്ധിച്ചതുകാരണം തന്നെയാണ്. പക്ഷേ ക്രൂഡ് ഓയിലിന്റെ വിലയുടെ ഒരു വലിയ ശതമാനം സംസ്ഥാന ഗവൺമെന്റ്

കൈപ്പറ്റിയിരിക്കുകയാണ്. ജനങ്ങളെ ദുരിതത്തിലാക്കിയിരിക്കുകയാണ്. അതുകൊണ്ട് ഇതിനെതിരായി അടിയന്തര നടപടിയുണ്ടാകണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ബഹുമാന്യനായ എം.എൽ.എ., ശ്രീ. ടി.വി. ഇബ്രാഹിമിന്റെ വിശദീകരണത്തിലെ ചില ഗുരുതരമായ പിഴവുകൾ ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. കാരണം അത് രേഖയിലുണ്ടാകാൻ പാടില്ലാത്തതുകൊണ്ടാണ്. ഒരുവർഷത്തെ മൊത്തം അരിയുടെ ഉപയോഗത്തെക്കുറിച്ച് കണക്ക് പറയുന്നത് 35 ലക്ഷം മുതൽ 40 ലക്ഷം വരെ എന്നാണ്. അദ്ദേഹം പറഞ്ഞത് ഒരു മാസത്തേക്ക് എന്നാണ്. ഒരു വർഷത്തേക്ക് വേണ്ടിവരുന്ന കണക്കാണെന്നുള്ള കാര്യം തിരുത്തണം. രണ്ട്, കേന്ദ്ര ഗവൺമെന്റ് നമുക്ക് അനുവദിച്ചുതന്ന അരിയും ഗോതമ്പും ഉൾപ്പെടുന്ന ധാന്യം 14.25 ലക്ഷം മെട്രിക് ടൺ ആണ്. 16 ലക്ഷം മെട്രിക് ടൺ ഉണ്ടായിരുന്നത് 2010-നുമുമ്പാണ്. അതാണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്. അദ്ദേഹം പഴയ ഏതോ ഒരു ബുക്ക് എടുത്ത് എഴുതിയെന്നുപറഞ്ഞു. വളരെ

വ്യക്തമല്ലേ; 16.5 ശതമാനമായിരുന്ന ഒന്നാം യു.പി.എ. സർക്കാരിന്റെ ഭരണകാലത്ത് അലോട്ട്മെന്റ് ഉണ്ടായിരുന്നത്. എന്നാൽ അത് എങ്ങനെയാണ് കുറഞ്ഞത്? 2013-ലെ എൻ.എഫ്.എസ്.എ. ആക്ട് നിലവിൽവന്നപ്പോഴാണ് അത് കുറഞ്ഞത്. അന്ന് കേന്ദ്രം ഭരിച്ചിരുന്നത് യു.പി.എ. സർക്കാരല്ലേ; ആ ഗവൺമെന്റല്ലേ കേരളത്തോട് ഈ അനീതി കാണിച്ചത്; 2 ലക്ഷം കൂടി അധികമായി തരണമെന്ന് അന്നുമുതൽ നമ്മൾ ആവശ്യപ്പെടുകയല്ലേ; മുൻഗണനാ വിഭാഗത്തിനുമാത്രമായി പരിമിതപ്പെടുത്തിയ ഒരു സാഹചര്യം പുനഃപരിശോധിക്കണമെന്ന് സംസ്ഥാനം അന്നുമുതൽ ആവശ്യപ്പെടുകയല്ലേ? 43 ശതമാനം മലയാളികൾ മാത്രമാണ് കേന്ദ്രസർക്കാരിന്റെ സൗജന്യനിരക്കിലുള്ള അരി നൽകുന്ന പദ്ധതിയിലുൾപ്പെട്ടിട്ടുള്ളത്. 57 ശതമാനം കാർഡുടമകൾ അതിന് പുറത്താണ്. അവർക്കൊരു പരിഗണനയും കേന്ദ്രം നൽകുന്നില്ല. ആ നിലയിലേക്ക് കേരളത്തെ എത്തിച്ചത് യു.പി.എ. ഗവൺമെന്റാണ്. അന്നുമുതൽ നമ്മളാവശ്യപ്പെടുകയാണ്. ഈ സഭയിലാണ് ഏറ്റവും അവസാനം കേന്ദ്ര ഗവൺമെന്റിന്റെ നിലപാടുകൾക്കെതിരായി നമ്മുടെ ആവശ്യങ്ങൾ പറഞ്ഞുകൊണ്ട് ഐകകണ്ഠ്യേന പാസ്സാക്കാനുള്ള ഒരു

പ്രമേയം അവതരിപ്പിച്ചത്. ആ പ്രമേയാവതരണ സമയത്ത് പ്രതിപക്ഷം കേരളത്തോട് നീതി പുലർത്തിയോ; ആ പ്രമേയത്തിൽ കേരളത്തിലെ പ്രതിപക്ഷ-ഭരണ വ്യത്യാസമില്ലാതെ ഒരുപോലെ ആവശ്യപ്പെടേണ്ട കാര്യമല്ലേ; ആ സമയത്തുപോലും സഭയിൽനിന്നും ഇറങ്ങിപ്പോകുന്ന നിലപാടല്ലേ സ്വീകരിച്ചത്; കേരള നിമയസഭയിൽ ഈ സഭയുടെ കാലയളവിൽ ഈ വിഷയത്തെക്കുറിച്ച് ഒരു പ്രമേയം അവതരിപ്പിച്ചപ്പോൾ ആ വിഷയത്തോട്, കേരളത്തിന്റെ താൽപ്പര്യത്തോട് എന്തെങ്കിലും അനുകൂല നിലപാട് സ്വീകരിച്ചോ? ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. ഈ അവസ്ഥയിൽ നമ്മുടെ സംസ്ഥാനത്തിനാവശ്യമായിട്ടുള്ള അരിവിഹിതം വർദ്ധിപ്പിക്കേണ്ടത് കേരളത്തിന്റെ ആവശ്യമാണ്. മുൻഗണനാ കാർഡുകാർക്കുമാത്രമായി പരിമിതപ്പെടുത്തിയതിന്റെ ഏറ്റവും അവസാന കണക്കുകൾക്കനുസൃതമായി മാറ്റം വരുത്തണമെന്ന ആവശ്യം കേന്ദ്രസർക്കാരിന് മുന്നിൽ കൊടുത്തിട്ടുണ്ട്. അതുകൊണ്ട് പരിമിതമായിട്ടുള്ള ഈ സാഹചര്യത്തിലും കേരളത്തിലെ ഫലപ്രദമായ ഇടപെടലാണ് ഞാൻ ഇവിടെ വിശദീകരിച്ചത്. ആ ഫലപ്രദമായ ഇടപെടൽ കൊണ്ടാണ് കേരളത്തിലെ മഹാഭൂരിപക്ഷം വരുന്ന കുടുംബങ്ങളെ ഈ ബുദ്ധിമുട്ടുകൾ

ബാധിക്കാത്തതരത്തിലേക്ക് പോകുന്നത്. ബഹുമാന്യനായ അംഗം സബ്സിഡി കൊടുക്കുന്നത് സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ച കാര്യം ഗുരുതരമായ പിശകാണ്. 200 കോടി രൂപയുടെ വിൽപ്പനയാണ് സപ്ലൈകൊയിൽ നടക്കുന്നതെന്ന് വളരെ ലഘുവായിട്ടാണ് പറഞ്ഞത്. അത് ഏത് കണക്കാണെന്ന് എനിക്ക് മനസ്സിലായില്ല. കോവിഡ് കാലത്തൊഴികെ കേരളത്തിലെ സപ്ലൈകോയുടെ കഴിഞ്ഞവർഷങ്ങളിലെ ശരാശരി എടുത്തുനോക്കിയാൽ 5,800 കോടി രൂപയുടെ വിൽപ്പന നടക്കുന്നൊരു സ്ഥാപനമാണെന്ന് കാണാൻ കഴിയും. ഈ വർഷം ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള കണക്കുകൾ ഞാൻ പരിശോധിച്ചു. കഴിഞ്ഞ നാലഞ്ചുമാസത്തെ കണക്കുകൾ ഈ സഭ അറിയണമല്ലോ; ആഗസ്റ്റ് വരെയുള്ള കണക്ക് എടുക്കുമ്പോൾ മെയ് മാസത്തിൽ 41.36 കോടി രൂപ, ജൂൺ - 40 കോടി രൂപ, ജൂലൈ-46 കോടി രൂപ, ആഗസ്റ്റ് -55 കോടി രൂപ എന്നനിലയിൽ സംസ്ഥാന ഖജനാവിൽ നിന്ന് ഒരുമാസത്തെ വിൽപ്പനയിൽത്തന്നെ സബ്സിഡിയായി കൊടുക്കുകയാണ്. ഇത്തവണ അത് കൂടാൻ സാധ്യതയുണ്ട്. ഇപ്പോൾ വിൽപ്പന കൂടിക്കൊണ്ടിരിക്കുകയാണ്. ഞങ്ങളുടെ കണക്കനുസരിച്ച് ഈ വർഷം 540 കോടി രൂപ കേരള സർക്കാർ

സബ്സിഡി ഉൽപ്പന്നങ്ങൾ വിൽക്കുന്നതിലൂടെ സബ്സിഡി മാത്രം കൊടുക്കേണ്ടി വരും. 200 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയതെങ്കിലും അതിനേക്കാൾ വലിയ വർദ്ധനവാണുണ്ടാകുന്നത്. എന്നുപറഞ്ഞാൽ കേരളത്തിലെ സപ്ലൈകോ ഔട്ട്ലെറ്റുകളെ സാമാന്യജനങ്ങൾ കൂടുതലായി ആശ്രയിക്കുകയാണെന്ന് മനസ്സിലാകും. 2016-ലെ വിലയ്ക്ക് 13 ഇനം ഉൽപ്പന്നങ്ങൾ ഇന്നും കൊടുക്കുക എന്നുപറഞ്ഞാൽ ഇന്ത്യയിൽ ഏതെങ്കിലും ഒരു സംസ്ഥാനത്ത് രണ്ട് ഉൽപ്പന്നങ്ങൾ കൊടുക്കുന്നതിന്റെ കണക്ക് പറയാൻ കഴിയുമോ? രണ്ട് ഉൽപ്പന്നങ്ങൾ എങ്കിലും കൊടുക്കുന്നതിന്റെ കണക്ക് പറയാൻ കഴിയുമോ? കോൺഗ്രസ്സ് പല സംസ്ഥാനങ്ങളിലും ഭരിക്കുന്നുണ്ടല്ലോ; എന്തെങ്കിലും പറയുമ്പോൾ അതിനെ ആ നിലയിൽ കാണണം. യഥാർത്ഥത്തിൽ പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തര പ്രമേയം, നൂറ് ശതമാനവും രാഷ്ട്രീയപ്രേരിതവും ജനങ്ങളുടെ മനസ്സിൽ തെറ്റിദ്ധാരണയുണ്ടാക്കുന്നതിനുമാണ്. ഇത്തരം കേന്ദ്രങ്ങളെ ആശ്രയിക്കുന്ന കേരളത്തിലെ ജനങ്ങളുടെ മനസ്സിൽ ഈ രീതിയിൽ പ്രചരിപ്പിക്കാമോ; മാദ്ധ്യമങ്ങളിൽ വന്ന വാർത്തയൊന്നും ഞാൻ നിഷേധിക്കുന്നില്ല.

മാദ്ധ്യമങ്ങൾ പല ഘട്ടങ്ങളിലും പല വാർത്തകളാണ് കൊടുക്കുന്നത്. ശ്രദ്ധിച്ചാൽ പല കാര്യങ്ങളും പഴയ തീയതികളിലുള്ള വാർത്തകളാകാം. മുരിങ്ങക്കായുടെ വില ചില സീസണിൽ 120 രൂപയും മറ്റുചില ഘട്ടങ്ങളിൽ രണ്ടുരൂപയുമായിരിക്കും. അതെല്ലാം അറിയാവുന്നവരാണ് ഇവിടെ ഇരിക്കുന്നത്. മുരിങ്ങക്കായുടെ മാർക്കറ്റ് വിലയെടുത്ത് കാണിച്ചുകൊണ്ടാണോ ഇതുപോലെയൊരു സഭയ്ക്കകത്ത് അടിയന്തര പ്രമേയം കൊണ്ടുവരേണ്ടത്? നമ്മുടെ നാട്ടിൽ ചില ഉൽപ്പന്നങ്ങൾക്ക് ചില സമയങ്ങളിൽ വ്യത്യസ്തങ്ങളായ വിലയുണ്ടാകും, അത് സാമാന്യ ബുദ്ധിയുള്ള എല്ലാവർക്കുമറിയാം. എന്നാൽ കേരളത്തിലെ ജനങ്ങൾ പൊതുവെ ആശ്രയിക്കുന്ന നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കാൻ സർക്കാർ ഫലപ്രദമായ ഇടപെടലുകൾ നടത്തുന്നുണ്ടോയെന്ന കാര്യമാണ് നിങ്ങൾ പരിശോധിക്കേണ്ടത്. അത്തരം കാര്യങ്ങളിൽ പ്രതിപക്ഷത്തിന്റെ സമീപനമെന്താണ്; ഇത്തരം വിഷയങ്ങളിൽ കേന്ദ്ര ഗവൺമെന്റ് എടുക്കുന്ന നിലപാടുകളോട് ഒന്ന് പ്രതിഷേധിക്കാൻ ഇവർ തയ്യാറാകുന്നുണ്ടോ? അരിയുടെയും മണ്ണെണ്ണയുടെയും അളവ് കുറച്ചു, അതുപോലെ പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധിപ്പിച്ച് വിവിധ ഉൽപ്പന്നങ്ങളുടെ വില കൂട്ടുന്ന

അവസ്ഥയുണ്ടാക്കുന്നു. ഈ വിഷയത്തിൽ ഭരണ-പ്രതിപക്ഷം എന്ന വ്യത്യാസമില്ലാതെ കേരളത്തിന്റെ താൽപര്യം സംരക്ഷിക്കുന്ന നിലപാടാണ് സ്വീകരിക്കേണ്ടത്. ആ നിലയിലേയ്ക്ക് ഈ വിഷയത്തെ സംബന്ധിച്ച്, കേരളത്തിലെ സർക്കാർ നടത്തുന്ന ഫലപ്രദമായ ഇടപെടലുകളെ ഇടപെടലുകളായി കണ്ടുകൊണ്ട്, എന്താണ് നമുക്കുള്ള ആവശ്യം ആ ആവശ്യങ്ങളെ സംബന്ധിച്ച് കേന്ദ്രത്തിൽനിന്നും ലഭ്യമാക്കാനുള്ള ശ്രമം നടത്തണം. കേന്ദ്ര ഗവൺമെന്റിനെ ഏറ്റവും അവസാനം കണ്ടത് ഇക്കാര്യങ്ങൾക്കുവേണ്ടിയാണ്. നമ്മുടെ രാജ്യത്ത് നൂറ് ശതമാനം റേഷൻ കാർഡുടമകളെയും ആധാറുമായി ലിങ്കുചെയ്ത ഒരു സംസ്ഥാനമാണ് കേരളം. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനവും ഇതുപോലെ ആധാറുമായി റേഷൻ കാർഡ് ലിങ്ക് ചെയ്തിട്ടില്ല. അതായത് നൂറ് ശതമാനം പൂർത്തിയാക്കിയിരിക്കുകയാണ് നമ്മുടെ സംസ്ഥാനം. എന്നു പറഞ്ഞാൽ പെർഫെക്ടാക്കിയിരിക്കുകയാണ്. കേരളത്തിലെ റേഷൻ വിതരണ രംഗത്ത് ഒരു തരത്തിലുള്ള ക്രമക്കേടുകളുമില്ലാതെ റേഷൻ കാർഡുകളെ ആധാറുമായി ലിങ്ക് ചെയ്ത ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണ്. അപ്പോൾ അതിനനുസരിച്ച്, കേരളത്തിനാവശ്യമായിട്ടുള്ള, നമ്മുടെ മുൻഗണനാ

കാർഡുകളുടെ എണ്ണം നോക്കി, ജനസംഖ്യാനുപാതികമായ കണക്കുകൾ നോക്കിക്കൊണ്ട് നമുക്ക് കൂടുതൽ അരി ലഭിക്കേണ്ടതായിട്ടുണ്ട്. ആ വിഹിതം നൽകാൻ സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടു. അവർ ആ സമയത്തും വ്യത്യസ്ത നിലപാടാണ് സ്വീകരിച്ചത്. കഴിഞ്ഞ മൂന്ന് മാസമായി കേരളത്തിലെ 57 ശതമാനം വരുന്ന മുൻഗണനേതര കാർഡുകാർക്ക് ഗോതമ്പ് ലഭിക്കുന്നില്ല. കേന്ദ്ര ഗവൺമെന്റ് ഗോതമ്പ് അനുവദിക്കാത്തതിനെപ്പറ്റി പ്രതിപക്ഷം എവിടെയെങ്കിലും പറയുന്നുണ്ടോ? അത്തരം ആളുകൾക്ക് കൊടുക്കാനായി ഒരു കിലോ ഗോതമ്പ് പോലും കേന്ദ്രം അനുവദിക്കുന്നില്ല. നിങ്ങൾക്ക് വേദനയുണ്ടായെങ്കിൽ ക്ഷമിക്കുക. അതുകൊണ്ടാണ് ഞാൻ ആദ്യമേ പറഞ്ഞത്, ഈ കാലഘട്ടത്തിലെ അവസ്ഥ മനസ്സിലാക്കിക്കൊണ്ടുള്ള പ്രമേയമാകണമെന്ന്. അതുകൊണ്ട് സപ്ലൈകോ ആണെങ്കിലും മറ്റ് സ്ഥാപനങ്ങളാണെങ്കിലും ആ നിലയിൽ ഇടപെടുന്നുണ്ട്. നമ്മളിന്ന് കൃഷിക്കാരോടും കർഷക പ്രസ്ഥാനങ്ങളോടും അങ്ങേയറ്റത്തെ ആദരവ് കാണിക്കേണ്ടതായിട്ടുണ്ട്. ഒരു വർഷക്കാലാം ഇന്ത്യയിലെ കർഷക സുഹൃത്തുക്കൾ നടത്തിയ ശക്തമായ സമരത്തിന്റെ ഫലമായിട്ടാണ് എസ്സെൻഷ്യൽ കമ്മ്യൂഡിറ്റീസ് ആക്ട് ഭേദഗതി ചെയ്യാനുള്ള

കേന്ദ്ര ഗവൺമെന്റ് നിലപാടിൽനിന്നും മാറേണ്ടിവന്നത്. ഇല്ലെങ്കിൽ എന്താകുമായിരുന്നു അവരുടെ സ്ഥിതി? ആ ആക്ട് ദുർബലമാക്കിക്കൊണ്ട്, അതിന്റെ ഫലമായിട്ടല്ലേ രാജ്യത്ത് കർഷകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് വിലയില്ലാതെ വന്നതും വിലക്കയറ്റമുണ്ടാകുന്ന തരത്തിലുള്ള സാഹചര്യത്തിലേയ്ക്കും പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും പോലുള്ള എന്തും നടത്താനുള്ള സാഹചര്യമൊരുക്കിയതും. അപ്പോൾ രാജ്യത്തെ കേന്ദ്ര ഗവൺമെന്റിന്റെ നിലപാടുകളും നയപരമായ തീരുമാനങ്ങളുമല്ലേ; അതിനെ എന്താണ് നിങ്ങൾ കാണാത്തത്? അതിന് ഉത്തരവാദി അവരല്ലേ, നിങ്ങളാണോ; അതെല്ലാം ബി.ജെ.പി. ഗവൺമെന്റ് ശക്തമായ രീതിയിൽ നടപ്പാക്കുകയല്ലേ; കൃഷിക്കാരുടെ സമരം ഇല്ലായിരുന്നുവെങ്കിൽ, എസ്സെൻഷ്യൽ കമ്മ്യൂഡിറ്റീസ് ആക്ടിന്റെ ഭേദഗതി ഉണ്ടാകുമായിരുന്നു, ആ ഭേദഗതികൂടി പാസ്സായിരുന്നുവെങ്കിൽ നമ്മുടെ രാജ്യത്തിന്റെ സ്ഥിതി ഇന്നത്തേക്കാൾ പരിതാപകരമാകുമായിരുന്നു. അതുകൊണ്ട് ഇത്തരമൊരു സാഹചര്യത്തിൽ വിലക്കയറ്റം രാജ്യമൊട്ടാകെയുള്ള പ്രതിഭാസമാണ്. ചില ഉൽപ്പന്നങ്ങൾക്ക് ചില സമയത്ത് വില വർദ്ധിക്കാറുണ്ട്. അത്തരമൊരു ഘട്ടത്തിൽ കേരളത്തിലെ ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന എല്ലാം ചെയ്തു

ഒരു ഗവൺമെന്റാണ്. എന്നുമാത്രമല്ല, ഇന്ത്യയിലെ മറ്റ് ഏത് സംസ്ഥാനത്തിനെക്കാളും മാതൃകയായിട്ടുള്ള, പൊതുവിതരണ രംഗമാണെങ്കിലും അതുപോലെ ന്യായവില ഷോപ്പുകളാണെങ്കിലും ന്യായ വിലയ്ക്ക് ഉൽപ്പന്നങ്ങൾ കൊടുക്കാനുള്ള സംവിധാനമാണെങ്കിലും അത് ജനങ്ങൾക്ക് കൃത്യമായി എത്തിക്കാൻ കഴിഞ്ഞു. ഈ അടുത്ത നാളുകളിൽ അരിയുൾപ്പെടെയുള്ള ചില നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചപ്പോൾ ഗവൺമെന്റ് ചെയ്തത്, കേരളത്തിൽ അരി വണ്ടിയിറക്കി അരിക്ഷാമം പരിഹരിക്കുകയായിരുന്നു. ഒരാഴ്ച കൊണ്ട് ഒന്നര ലക്ഷത്തിലധികം ടൺ അരി ആ സമയത്ത് വിറ്റുപോയി. ക്രിസ്മസ്, ഓണം, ന്യൂ ഈയർ, തുടങ്ങിയ ഉത്സവ സീസണുകളിൽ ഇത്തരത്തിലുള്ള മാർക്കറ്റുകൾക്കുപുറമെ സ്പെഷ്യൽ മാർക്കറ്റുകൾ ജില്ലാ കേന്ദ്രങ്ങളിലും താലൂക്ക് കേന്ദ്രങ്ങളിലും തുറക്കാൻ സാധിച്ചു. കോടിക്കണക്കിന് രൂപയുടെ വിൽപ്പനയാണ് അപ്പോൾ ഉണ്ടാകുന്നത്. അതുപോലെ ഈ അടുത്ത സമയത്ത് അരിയുടെ വിലയിൽ ചെറിയ വ്യത്യാസമുണ്ടായപ്പോൾതന്നെ വെള്ള, നീല എന്നീ സബ്സിഡിയേതര വിഭാഗങ്ങൾക്ക് എട്ടുകിലോ അരി അധികമായി കൊടുക്കുന്ന നിലപാട് സ്വീകരിച്ചു. ഇങ്ങനെ ഫലപ്രദമായി

ഇടപെടൽ നടത്തുന്ന ഒരു ഗവൺമെന്റാണെന്ന കാര്യം ഒരു വസ്തുതയല്ലേ; ഇത്തരത്തിലുള്ള സർക്കാരിന്റെ ഇടപെടലുകൾ ഇനി ആരെങ്കിലും പറഞ്ഞതുകൊണ്ട് മാറുമോ? അതിനാൽ ഇത്തരം വിഷയങ്ങളെ സംബന്ധിച്ച് ഗവൺമെന്റ് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്ന കാര്യം, ഒരിക്കൽക്കൂടി പറഞ്ഞുകൊണ്ട് നിർത്തുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടി ആരംഭിച്ചത് ദേശീയ വില സൂചികയെക്കാൾ സംസ്ഥാനത്തിന്റെ വിലസൂചിക താഴെയാണെന്നാണ്. എല്ലാ കാലഘട്ടത്തിലും അത് അങ്ങനെതന്നെയാണ്. എന്തുകൊണ്ടെന്നാൽ കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമായതിനാൽ ഏറ്റവും നല്ല പൊതുവിതരണ സംവിധാനം വർഷങ്ങളായി നിലനിൽക്കുന്ന സംസ്ഥാനമാണ് കേരളം. 1964-ൽ ഇന്ത്യയിലെ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സംവിധാനം ആദ്യം

കേരളത്തിലാണ് നിലവിൽ വന്നത്. ഇന്ത്യയ്ക്ക് മാതൃകയായ ഒരു പി.ഡി.എസ്. (Public Distribution System) സംവിധാനമുള്ള സംസ്ഥാനമാണ് കേരളം. മറ്റ് പല സംസ്ഥാനങ്ങളും ദശാബ്ദങ്ങൾക്കുശേഷമാണ് പൊതുവിവതരണ സംവിധാനം മെച്ചപ്പെടുത്തിയത്. അതിന്റെ തുടർച്ചയായാണ് കേരളത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനും പച്ചക്കറി ഉൽപ്പന്നങ്ങളുടെ വില നിയന്ത്രിക്കാൻ ഹോർട്ടി കോർപ്പ് മിഷനും നിരവധിയായ ഗവൺമെന്റും ഗവൺമന്റ് ഏജൻസികളും ഉൾപ്പെടുന്ന ഒരു സംവിധാനം ഇന്ന് കേരളത്തിലുണ്ടായത്. ഇന്നിപ്പോൾ മന്ത്രി സംസാരിച്ചപ്പോൾ, ഇദ്ദേഹം മന്ത്രിയായതിനുശേഷമാണ് ഈ സംവിധാനങ്ങളെല്ലാം തുടങ്ങിയതെന്ന മട്ടിലാണ് സംസാരിച്ചത്. അദ്ദേഹം പറഞ്ഞത്, നിങ്ങൾ കണ്ടില്ലേ ഓണത്തിന് ചന്ത തുടങ്ങിയിട്ടില്ലേ..... ക്രിസ്തുമസിന് ചന്ത തുടങ്ങിയിട്ടില്ലേ... കണ്ടില്ലേ.... ഗവൺമെന്റ് തുടങ്ങിയത് കണ്ടില്ലേ; ഓണത്തിന് ചന്ത തുടങ്ങിയതും ക്രിസ്തുമസിന് ചന്ത തുടങ്ങിയതും ഈ മന്ത്രി വന്നതിനുശേഷമാണോ? ഇനി യാഥാർത്ഥ്യമെന്താണ്. പച്ചക്കറിയുടെ വില കൂടിയോ; പ്രതിപക്ഷത്തിന് എന്തറിയാം, നിങ്ങളാരും പച്ചക്കറിയല്ലേ കഴിക്കുന്നത്, പ്രതിപക്ഷ

എം.എൽ.എ.മാരുടെ വീടുകളിൽ പച്ചക്കറി വാങ്ങാറില്ലേ, പച്ചക്കറിയുടെ വിലയെല്ലാം പോയത് നിങ്ങളറിഞ്ഞില്ലേ, നിത്യോപയോഗ സാധനങ്ങളുടെ വില കുറഞ്ഞത് അറിഞ്ഞില്ലേ, അരിയുടെ വില ഒരു സമയത്ത് 70 രൂപവരെയായി. ഇപ്പോൾ ചെറിയ കുറവുണ്ടായിട്ടുണ്ട്. 38 രൂപയിൽനിന്നുമാണ് 70 രൂപ വരെയെത്തിയത്. ഞങ്ങൾ രണ്ട് മാസംമുമ്പ് ഈ അപകടത്തെപ്പറ്റി പറഞ്ഞതായിരുന്നു. കാരണം അരിയുടെ വില വർദ്ധിച്ചാൽ ആനുപാതികമായി പതിമൂന്ന് നിത്യാപയോഗ സാധനങ്ങളുടെകൂടി വില വർദ്ധിക്കും. അതിൽ അൻപത് ശതമാനവും കൃത്രിമമായിട്ടുണ്ടാകുന്ന വിലക്കയറ്റമാണ്. അരിയുടെ വില കൂടുമ്പോൾ ആ സാധനങ്ങൾക്കും ആനുപാതികമായി വിലക്കൂടും. മൂന്നാമത്തെ ഫെയിസിൽ അതിന് ആനുപാതികമായി എല്ലാ പച്ചക്കറികളുടേയും വില വർദ്ധിക്കും. നാലാമത്തെ ഭാഗമായി സകലമാന സാധനങ്ങളുടെയും വില വർദ്ധിക്കും. ഈ നാല് ഘട്ടങ്ങൾ കേരളത്തിലുണ്ടായപ്പോൾ അരിയുടെ വില കുറച്ചുകൊണ്ടുവരാൻ വേണ്ടി എന്ത് നടപടിയാണ് വകുപ്പ് സ്വീകരിച്ചത്? ആന്ധ്രാപ്രദേശിൽനിന്നും അരികൊണ്ടുവരുമെന്ന് അങ്ങ് പറഞ്ഞു. ആന്ധ്രായിൽനിന്നുള്ള അരി വന്നോ? ഞങ്ങളാരും ആ വിവരം അറിഞ്ഞില്ല.

ആന്ധ്രായിൽനിന്നും അരി കൊണ്ടുവരുമെന്ന് പറഞ്ഞിട്ട് ഒരിടത്തും അരി വന്നില്ല. ഇപ്പോഴും പറയുന്നത് വില വർദ്ധിച്ചിട്ടില്ലെന്നാണ്. ഈ ലിസ്റ്റിലുള്ളത് മന്ത്രി തന്നെ നൽകിയ മറുപടിയാണ്, പ്രിന്റൗട്ട് എടുത്തതിന്റെ ചൂടുപോലും മാറിയിട്ടില്ല. അതിൽ പറയുന്നത് തുവരപ്പരിപ്പ് 115 രൂപയിൽനിന്നും 131 രൂപയായും മുളക് 183 രൂപയിൽനിന്നും 335 രൂപയായും മല്ലി 101 രൂപയിൽനിന്നും 160 രൂപയായും പഞ്ചസാരയ്ക്ക് രണ്ട് രൂപയെ കൂടിയിട്ടുള്ളൂ. ജയ അരി 37 രൂപയിൽനിന്നും 58 രൂപയായി. ഇങ്ങനെ ഓരോന്നിന്റെയും വില തന്നിരിക്കുകയാണ്. ഈ വിലക്കയറ്റം രണ്ടുമാസത്തിനിടയിൽ സംഭവിച്ചതാണ്. മട്ട അരി 34 രൂപയിൽനിന്നും 60 രൂപയായി, വിലക്കയറ്റമില്ലെന്നാണ് പറയുന്നത്. മട്ട അി (ബ്രാന്റഡ്)-ന്റെ വില 67 രൂപയാണ്. ജയ അരിയുടെ വില 38 രൂപയിൽനിന്നും 70, 62-ഉം ആയി. ഇപ്പോൾ ജയ അരിയുടെ വില 58 രൂപയാണ്. വറ്റൽ മുളകിന്റെ വില 340 രൂപയായി. പാചകയെണ്ണയുടെ വില 110 രൂപയിൽനിന്നും 165 രൂപയായി. രണ്ടുമാസം മുമ്പ് 90 രൂപയായിരുന്ന മല്ലിയുടെ വില ഇപ്പോൾ 145 രൂപയായി മാറി. സൺഫ്ലവർ ഓയിലിന്റെ വില രണ്ട് മാസം കൊണ്ട് 20 രൂപ കൂടി. ഞങ്ങൾ ഇതിനെകുറിച്ച് വലിയ വിവരമൊന്നുമില്ലാത്ത

ആളുകളല്ലേ. അതിനാൽ ഇന്നലെ വൈകുന്നേരം ഞങ്ങൾ പാളയം മാർക്കറ്റിൽപോയി പച്ചക്കറിയുടെ വിലയെടുത്തു. തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിന്റെ മൂക്കിന് താഴെയുള്ള പാളയം മാർക്കറ്റ്. പച്ചക്കറിക്ക് വില കൂടിയിട്ടില്ലെന്നാണ് പറയുന്നത്. കത്തിരിക്ക് 25-ൽ നിന്നും 50 രൂപ, ക്യാരറ്റിന് 30-ൽനിന്നും 80 രൂപ, വെളുത്തുള്ളിക്ക് 35-ൽനിന്നും 100 രൂപ, ബീൻസിന് 35-ൽനിന്നും 80 രൂപ, ചെറിയ ഉള്ളിക്ക് 50-ൽനിന്നും 95 രൂപ, കോളിഫ്ലവറിന് 30-ൽനിന്നും 75 രൂപ എന്നിങ്ങനെ വില വർദ്ധിച്ചു. എല്ലാത്തിന്റെയും ഇന്നലത്തെ വിലയാണ് ഞാനിവിടെ വായിച്ചത്. ഇത് രണ്ട് മാസംകൊണ്ടുള്ള വ്യത്യാസമാണ്. ഞങ്ങൾ പച്ചക്കറികളുടെ വിലയൊന്നുമറിയാത്ത വിവരദോഷികളായ ആളുകളല്ലേ; അതുകൊണ്ട് ഇന്നലെ വൈകുന്നേരം പോയെടുത്ത വിവരമാണിത്. ഇതിന്റെ പകർപ്പ് അങ്ങേയ്ക്ക് തരാം.

എല്ലാ സാധനങ്ങൾക്കും വ്യാപകമായി വില കൂടിയിരിക്കുകയാണ്. ഗവൺമെന്റിന്റെ മറുപടിയെന്താണ്; സപ്ലൈകോ. ജനങ്ങൾ വല്ലാതെ പൊറുതി മുട്ടുകയാണ്. നാലുപേരുള്ള ഒരു കുടുംബത്തിന് അരിയുൾപ്പെടെയുള്ള സാധനങ്ങൾ മിതമായ രീതിയിൽ, ആർഭാടമില്ലാതെ വാങ്ങുന്നതിന്

നേരത്തെ ഒരു മാസം 3,000 രൂപ കൊടുക്കേണ്ട സ്ഥാനത്ത് ഇപ്പോഴത് 4,750 രൂപയായി വർദ്ധിച്ചു. 1,750 രൂപയുടെ വർദ്ധനവാണ് ലോവർ-മിഡിൽ ക്ലാസിൽപ്പെട്ട ഒരു കുടുംബത്തിന് വന്നിട്ടുള്ളത്. 75-80 ശതമാനത്തിന്റെ വ്യത്യാസമാണ് വന്നിട്ടുള്ളത്. അവർക്ക് ശമ്പളവും കൂലിയും വരുമാനവുമൊന്നും വർദ്ധിച്ചിട്ടില്ല. ഉള്ള വരുമാനത്തിൽനിന്ന് കടബാദ്ധ്യതകളായി. അതിൽ മത്സ്യത്തൊഴിലാളികളും പട്ടികജാതിക്കാരും പട്ടിവർഗ്ഗക്കാരും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പാവങ്ങളുമൊക്കെയുണ്ട്. അവരുടെയെല്ലാം കുടുംബ ബഡ്ജറ്റിലുണ്ടായിരിക്കുന്ന മാറ്റം ഈ നിയമസഭയിലല്ലാതെ ഞങ്ങൾ എവിടെപ്പോയാണ് പറയേണ്ടത്? മന്ത്രിമാർ മറുപടി പറയുമ്പോൾ കാണിക്കേണ്ട ചില മിതത്വമുണ്ട്. ഞാൻ അങ്ങയെ ഉപദേശിക്കുന്നൊന്നുമില്ല. അങ്ങ് ആദ്യമായി മന്ത്രിയായതിന്റെ കുഴപ്പമാണെന്നൊന്നും ഞാൻ പറയില്ല. ആദ്യമായി മന്ത്രിമാരായി വന്നവർ നന്നായി പറഞ്ഞിട്ടുള്ള ധാരാളം ചരിത്രം ഈ നിയമസഭയ്ക്കുണ്ട്. ഇങ്ങനെയല്ല അടിയന്തരപ്രമേയത്തിന് മറുപടി നൽകേണ്ടത്. പ്രതിപക്ഷത്തിനെ പുച്ഛിച്ചും അവഹേളിച്ചും ആക്ഷേപിച്ചുമുള്ള മറുപടി. ഇതാണ് യാഥാർത്ഥ്യം. നിങ്ങളെ പാവങ്ങളാരും വിളിക്കുന്നില്ലേ;

വിലക്കയറ്റംകൊണ്ട് പൊറുതി മുട്ടുകയാണ്. പ്രതിപക്ഷം എന്താണ് ചെയ്യുന്നതെന്ന് അവർ ഞങ്ങളോട് ചോദിക്കുന്നു. എന്തുകൊണ്ടാണ് സർക്കാരിനെതിരെ സമരം ചെയ്യാത്തതെന്നാണ് അവർ ചോദിക്കുന്നത്.

ജീവിക്കാൻ നിവൃത്തിയില്ലാതെ, ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പ്രയാസപ്പെടുമ്പോൾ ജനങ്ങൾ ആഗ്രഹിക്കുന്നത് അവർ തെരഞ്ഞെടുത്ത ഗവൺമെന്റിന്റെ സാന്നിദ്ധ്യമാണ്. ഞാൻ ചോദിക്കുന്നു, അത്തരത്തിൽ അവർ തെരഞ്ഞെടുത്ത ഒരു ഗവൺമെന്റിന്റെ സാന്നിദ്ധ്യം ഈ വിലക്കയറ്റത്തിന്റെ കാലത്ത് കേരളത്തിലുണ്ടായോ? 13 നിത്യോപയോഗ സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷനിലൂടെ വിതരണം ചെയ്യുന്നുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി. അതിപ്പോൾ തുടങ്ങിയതല്ല, വർഷങ്ങളായി കേരളത്തിലുള്ളതാണ്. സബ്സിഡി കൊടുക്കുന്നതിന്റെ എമൗണ്ടൊക്കെ പറഞ്ഞു. അതിന് പിറകിലിരുന്നവർ കയ്യടിച്ചു. കേരളത്തിലെ എല്ലാ ഗവൺമെന്റുകളുടേയും കാലത്ത് സപ്ലൈകോയ്ക്ക് സബ്സിഡി നൽകും. സർക്കാരിന് എന്ത് ബുദ്ധിമുട്ടുണ്ടെങ്കിലും സപ്ലൈകോയ്ക്ക് സബ്സിഡി നൽകും. പക്ഷെ, കേരളത്തിൽ 92.88 ലക്ഷം കാർഡുടമകളുണ്ട്. അതിൽ എത്ര ശതമാനം പേർക്കാണ്

സപ്ലൈകോയിൽനിന്നും സാധനം ലഭിക്കുന്നത്? 10% ആളുകളെ പോലും സപ്ലൈകോ അഡ്രസ് ചെയ്യുന്നില്ല. വലിയ തോതിലുള്ള വിലക്കയറ്റമുണ്ടാകുമ്പോൾ സപ്ലൈകോയുടെ പതിവുരീതി മാത്രംപോര. അതുകൊണ്ടാണ് ഓണക്കാലത്തും ക്രിസ്തുമസ് കാലത്തുമൊക്കെ ചന്തകൾ തുടങ്ങുന്നത്. ഓണക്കാലത്ത് കായയുടെ വില വർദ്ധിക്കും. അപ്പോൾ സപ്ലൈകോ സഹകരണ സംഘങ്ങൾ വഴിയും കൺസ്യൂമർഫെഡ് വഴിയും എല്ലാ സ്ഥലത്തും കായ സംഭരിച്ച് വിതരണം നടത്തും. അങ്ങനെ മാർക്കറ്റിലെ വില ഇടിഞ്ഞുവരും. സപ്ലൈകോ വളരെ കുറച്ച് ആളുകളെ മാത്രമേ അഡ്രസ് ചെയ്യുന്നുള്ളൂ. ഒരുമാസം ഒരു കിലോ പഞ്ചസാരയാണ് നൽകുന്നത്. അതെത്ര കാർഡുകൾക്കാണെന്നറിയാമോ? 40,100 കാർഡുകൾക്ക് മാത്രമാണ് നൽകുന്നത്. സപ്ലൈകോ ചെയ്യുന്നില്ലായെന്നുള്ള ആക്ഷേപമല്ലല്ലോ ഞങ്ങളിവിടെ ഉന്നയിച്ചത്. സപ്ലൈകോയ്ക്ക് പരിമിതമായി മാത്രമേ മാർക്കറ്റിൽ ഇടപെടാൻ സാധിക്കുന്നുള്ളൂയെന്നാണ് പറഞ്ഞത്. കാരണം, അതിനേക്കാൾ രൂക്ഷമായ, അതിനേക്കാൾ പ്രൊപ്പോഷണലായി വലിയ തോതിൽ, 80% വരെ വിലക്കയറ്റമുണ്ടാകുന്നൊരു പശ്ചാത്തലത്തിൽ സർക്കാരിന്റെ ഏജൻസികൾ... ഇപ്പോൾ പച്ചക്കറിയുടെ വില

കുറച്ചുകൊണ്ടുവരാൻ ഹോർട്ടികോർപ്പിന് സാധിച്ചിട്ടുണ്ടോ; പറ്റിയില്ലല്ലോ. പച്ചക്കറിയുടെ വില കൂടും. കാരണം, ഇത് മാർക്കറ്റിൽ.....

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഞങ്ങളുടെയവിടെ തക്കാളി റോഡിൽ കൂട്ടിക്കളയുകയാണ്. ഇത് പത്രത്തിലൊക്കെ വന്നതാണ്. കൃഷിവകുപ്പുമന്ത്രിയും സഹകരണ വകുപ്പുമന്ത്രിയും കൂടിയാണ് അതിൽ ഇടപെട്ട് കുറച്ചൊക്കെ സംഭരിച്ചത്. മുഴുവനായും സംഭരിച്ചിട്ടില്ല. പച്ചക്കറി മുഴുവൻ നശിക്കുകയാണ്. എന്താണ് അവർക്ക് ലഭിക്കുന്ന വരുമാനം. പച്ചക്കറി റോഡിൽ കൊട്ടിക്കളയുകയാണ്. കൃഷി ചെയ്യുന്ന ആളുകളെ കുറിച്ചും ഒന്നാലോചിക്കേണ്ടതല്ലേ?

ശ്രീ. വി. ഡി. സതീശൻ: സർ, അവിടെയാണ് തെറ്റുപറ്റിയത്. മാന്യമായ വിലയും മിനിമം സപ്പോർട്ടും കൊടുത്ത് കർഷകരിൽനിന്നും സംഭരിക്കുന്ന വിലയാണോ ഇപ്പോൾ മാർക്കറ്റിലുള്ളത്; അതാണ് പ്രശ്നം. നിങ്ങൾ തക്കാളിയുടെ കാര്യം പറഞ്ഞു. അതുപോലെ പല സാധനങ്ങൾക്കും ഈ മാർക്കറ്റിലുള്ള വിലയുടെ അഞ്ചിലൊന്നോ പത്തിലൊന്നോ പോലും സാധാരണക്കാരായ കർഷകർക്ക് ലഭിക്കുന്നില്ല. അതാണ് ഞങ്ങളുടെ പോയിന്റ്. പല തരത്തിലുള്ള വിലക്കയറ്റവും കൃത്രിമമായി

ഉണ്ടാക്കിയിരിക്കുന്നതാണ്. നേരത്തെ വിലക്കയറ്റമുണ്ടാകുമ്പോൾ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും അതിഭയങ്കരമായി വർദ്ധിക്കും. വില പിന്നെയും കൂടുമെന്ന് കരുതി കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും വർദ്ധിച്ചുകൊണ്ടിരിക്കും.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ,... (മൈക്ക് ഓഫ്)...

ശ്രീ. വി. ഡി. സതീശൻ: സർ, കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും ഭയങ്കരമായി വർദ്ധിക്കും. അപ്പോൾ സിവിൽ സപ്ലൈസ് കൺട്രോളറുടെ നേതൃത്വത്തിൽ ജില്ലാ-താലൂക്ക് തലത്തിൽ സമിതികളുണ്ടാക്കി വ്യാപകമായ പരിശോധനകൾ നടത്തും. അതൊന്നും ഇപ്പോഴില്ല. വിലക്കയറ്റത്തിന്റെ നാളുകളിൽ മിക്ക സാധനങ്ങളുടെയും വ്യാപകമായ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും നടക്കുകയാണ്. മൊത്ത കച്ചവടക്കാർ കാത്തിരിക്കുകയാണ്. അവരുടെ കയ്യിൽ സ്റ്റോക്കുണ്ട്. അവർ ചെയ്യുന്നതെന്താണ്; വില വർദ്ധിക്കുമ്പോൾ മാത്രം സാധനമിറക്കുക. സാധനങ്ങൾ മാർക്കറ്റിലില്ലാതെ വില വർദ്ധിക്കുന്ന സാഹചര്യത്തിൽ മൊത്ത കച്ചവടക്കാരായ ആളുകൾ അവർ പൂഴ്ത്തി വച്ചിരിക്കുന്ന, ബ്ലാക്ക് മാർക്കറ്റിലുള്ള സാധനങ്ങളിറക്കി വലിയ വിലയ്ക്ക് വിൽക്കുന്നു. ഇവടെയാണ് സർക്കാരിന്റെ സാന്നിദ്ധ്യം

വേണ്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ടേബിളിൽ എല്ലാ ദിവസത്തെയും വിലവിവരപട്ടിക എത്തുമെന്നാണ് എന്റെ അറിവ്. അങ്ങ് ആ ഫയലൊന്ന് പരിശോധിച്ച് കഴിഞ്ഞ രണ്ടുമാസംകൊണ്ട് എത്രമാത്രം വിലവർദ്ധനവാണ് വന്നിട്ടുള്ളതെന്ന് നോക്കണം. ഇത് പാവപ്പെട്ട കുടുംബങ്ങളിലുണ്ടാക്കുന്ന പ്രയാസം വലുതാണ്. ജീവിക്കാൻ പറ്റാത്ത സാഹചര്യമാണ്. അതുകൊണ്ടാണ് ഞങ്ങളിവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചത്. കൃത്യമായ ഇടപെടൽ നടത്തി, മാർക്കറ്റിലെ കൃത്രിമമായ വിലക്കയറ്റത്തെ നിയന്ത്രിച്ച്, ഏത് സാധനത്തിനാണ് വില കൂടുന്നതെന്ന് പരിശോധിച്ച് അതിന് പരിഹാരമുണ്ടാക്കാനുള്ള ഏത് തരത്തിലുള്ള ഇടപെടലാണുണ്ടായത്? ചട്ടപ്പടി സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി നിത്യോപയോഗ സാധനങ്ങൾക്ക് സബ്സിഡി നൽകി വിതരണം ചെയ്യുന്നുണ്ട്. അത് ഉദ്യോഗസ്ഥർ ചെയ്യുന്നുണ്ട്. അവർക്ക് ശമ്പളം നൽകുന്നതാണ്. അതിനപ്പുറത്തേയ്ക്ക് എന്ത് മാർക്കറ്റ് ഇന്റർവെൻഷനാണ് ഇവിടെ ഉണ്ടായതെന്ന് ഞങ്ങളെ കളിയാക്കി സംസാരിച്ചപ്പോൾ അങ്ങിവിടെ പറഞ്ഞില്ലല്ലോ; ഈ വിലക്കയറ്റത്തെ പിടിച്ചുനിർത്താൻവേണ്ടി എന്ത് മാർക്കറ്റ് ഇന്റർവെൻഷനാണുണ്ടായത്?

നെല്ല് സംഭരണത്തെ കുറിച്ച് പറഞ്ഞു. ആഗസ്റ്റ് മാസത്തിൽ പാലക്കാടൊക്കെ നെല്ല് കൊയ്യാൻ തുടങ്ങും. നെല്ല് കൊയ്ത് കറ്റ വരമ്പത്തുവച്ച് പിന്നെയത് മെതിച്ച് നെല്ലാക്കി അവിടെത്തന്നെ സ്റ്റോർ ചെയ്യും. മിൽ വഴിയാണ് സംഭരിക്കുന്നത്. ഞാൻ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയോടുതന്നെ ചോദിക്കുകയാണ്, അങ്ങ് കർഷകനാണല്ലോ; ഈ പ്രാവശ്യം പാലക്കാടുള്ള പാടശേഖരങ്ങളിൽ കൃഷിക്കാർ കൊയ്തുകൂട്ടിയ നെല്ല് കൃത്യമായി സംഭരിച്ചിട്ടുണ്ടോ? ആഗസ്റ്റ് മാസത്തിൽ മില്ലുകളുമായി ഗവൺമെന്റ് എഗ്രിമെന്റ് വയ്ക്കേണ്ടതല്ലേ; ഓഗസ്റ്റിലും സെപ്റ്റംബറിലും അത് ചെയ്തില്ല. ഒക്ടോബറിൽ എഗ്രിമെന്റ് വച്ചു. തുലാവർഷത്തിലെ മഴയിൽ കർഷകന്റെ കണ്ണീരുപോലെ ആ നെല്ലിൽ മുഴുവൻ വെള്ളം കയറി. കുട്ടനാട് നെല്ല് കൂട്ടിയിട്ടു. അതിനുശേഷം ഒക്ടോബറിലാണ് മില്ലുടമകളുമായി ധാരണയായത്. തുലാവർഷം ഒരു മാസം നിന്നു പെയ്യുമ്പോൾ, കർഷകന്റെ കഠിനാധ്വാനം, അവൻ കൊയ്തുകൂട്ടിയ നെല്ല്, ഞങ്ങൾ പാലക്കാട്ട് സമരം ചെയ്തു, ഞങ്ങൾ കുട്ടനാട്ടിലും സമരം ചെയ്തു, നെല്ല് സംഭരണത്തിൽ സർക്കാരിന്റെ പാളിച്ചകൾ ഉയർത്തിക്കാട്ടിക്കൊണ്ട്. എത്ര നെല്ല് സംഭരിച്ചു, എത്രയോ നെല്ല് പോയി, പൊതുമാർക്കറ്റിൽ 65 രൂപ അരിക്ക്

വിലയുള്ളപ്പോഴാണ്, പാവപ്പെട്ട കർഷകൻ കൊയ്തുകൂട്ടിയ പാലക്കാട്ടേയും കുട്ടനാട്ടിലേയും നെല്ല് മുഴുവൻ മില്ലുകളുമായി ധാരണയിലെത്തി സംഭരിക്കാതെ വെള്ളം കയറി നശിച്ചത്. വെള്ളം കയറി ഈർപ്പം ഉണ്ടായാൽ മില്ലുടമകൾ അത് സംഭരിക്കുമോ? അവർ അതിന് വില കുറച്ചുമാത്രമേ സംഭരിക്കുകയുള്ളൂ, ഇതാണ് നമ്മുടെ സംസ്ഥാനത്തെ യാഥാർത്ഥ്യം. 20 ശതമാനം മുതൽ 80 ശതമാനം വരെ വിലക്കയറ്റമുണ്ടായി, 38 രൂപയിൽ നിന്ന് അരിയുടെ വില 70 രൂപ വരെയായി, 13 നിത്യോപയോഗ സാധനങ്ങളുടേയും വില വർദ്ധിച്ചു. പച്ചക്കറികളുടെ വില വർദ്ധിച്ചു, എല്ലാ സാധനങ്ങളുടേയും വില ആനുപാതികമായി വർദ്ധിച്ചിട്ട് വിലക്കയറ്റം ഉണ്ടായിട്ടില്ലെന്ന് നിയമസഭയിൽ വന്നുപറയാൻ ഈ മന്ത്രിക്കല്ലാതെ വേറെ ആർക്കും കഴിയില്ല. ജനങ്ങളുടെ സങ്കടങ്ങളും അവരുടെ പ്രശ്നങ്ങളും അവരുടെ ദുരിതങ്ങളുമാണ് ഞങ്ങൾ ഈ നിയമസഭയുടെ മുന്നിൽ വച്ചത്. അതിനോടുള്ള അവഹേളനപരമായ മറുപടിയിൽ പ്രതിഷേധിച്ചുകൊണ്ടും ഒരു നടപടിയും സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ചുകൊണ്ടും ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി.ഡി. സതീശനും

അദ്ദേഹത്തിന്റെ പാർട്ടിയിൽപെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ജനങ്ങളെ സീരിയസ്സായി ബാധിക്കുന്ന വിഷയങ്ങൾ നിയമസഭയിൽ പറയാൻ പ്രതിപക്ഷം ബാദ്ധ്യസ്ഥമാണ്, അത് ഗൗരവത്തിലെടുത്ത് അതിന്റെ സ്പിരിറ്റിൽ ചർച്ചയെക്കൊണ്ടുപോകാൻ ബഹുമാനപ്പെട്ട മന്ത്രി നേതൃത്വം കൊടുത്തുകൊണ്ട് ഗവൺമെന്റും അതിന് ബാദ്ധ്യസ്ഥമാണ്. ശ്രീ. ടി. വി. ഇബ്രാഹിം ഈ അടിയന്തിരപ്രമേയം ഇവിടെ കൊണ്ടുവന്നത് നാട്ടിലെ ഇന്നത്തെ അവസ്ഥ വച്ചാണ്. സത്യത്തിൽ ഗവൺമെന്റ് അന്വേഷിക്കണം, ബഹുമാനപ്പെട്ട മന്ത്രി അന്വേഷിക്കണം. ഇന്ന് നാട്ടിൽ ആളുകൾക്ക് സാമ്പത്തികമാന്ദ്യം മൂലമായിരിക്കാം, മറ്റു പ്രശ്നങ്ങൾകൊണ്ടായിരിക്കാം വരുമാനക്കുറവുണ്ട്. വരുമാനക്കുറവുകൊണ്ട്, മാർക്കറ്റിൽ ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന വിലവർദ്ധനവ്, അതാണ് അടിയന്തിരപ്രമേയത്തിലൂടെ ചൂണ്ടിക്കാണിക്കുന്നത്, അല്ലാതെ അടിയന്തരപ്രമേയം കൊണ്ടുവന്നത് കേരളത്തിലൊരു വില വർദ്ധനവ് ഉണ്ടാകുന്നുണ്ട്, അത് ഇവിടെ ആദ്യമായി സംഭവിക്കുന്നൊരു വിഷയമാണ്, എന്നൊന്നും പറഞ്ഞുകൊണ്ടല്ലല്ലോ? ഇപ്പോൾ മാർക്കറ്റിൽ അരിയുടെ വില

ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു, ഒരു കൊല്ലം 9 ശതമാനം വില വർദ്ധിച്ചിരിക്കുന്നു, അതൊരു വസ്തുതയാണ്. അതുപോലെതന്നെ പച്ചക്കറി സാധനങ്ങളുടെ വില ഇപ്പോൾ വർദ്ധിക്കുന്നുണ്ട്, ബഹുമാനപ്പെട്ട കൃഷിക്കാരനായ വൈദ്യുതി വകുപ്പുമന്ത്രി പറയുന്നത് എനിക്ക് മനസ്സിലാകുന്നുണ്ട്, അതായിരുന്നാലും കൃഷിക്കാർക്ക് വില കിട്ടുന്നില്ലല്ലോ? കൃഷിക്കാർ അവരുടെ ഉൽപ്പാദനം അധികമായി വരുന്ന സമയത്ത് ഒഴുക്കികളയുകയല്ലേ, കൊണ്ടുപോയി കൊട്ടുകയല്ലേയെന്ന്? അത് സിസ്റ്റത്തിന്റെ കുഴപ്പമാണ്, ആ സാധനങ്ങൾ പ്രൊക്യൂർ ചെയ്ത്, റെഫ്രിജിറേറ്റ് ചെയ്തോ, മറ്റെങ്ങനെയോ സൂക്ഷിച്ചിട്ടാണ് സിസ്റ്റം നന്നായി വർക്കു ചെയ്യുന്ന ലോകത്തെ രാജ്യങ്ങളിൽ പഞ്ഞ മാസങ്ങളിൽ വില വർദ്ധിക്കാതിരിക്കാൻ വേണ്ടി വിപണി ഇടപെടലുകൾ നടത്തി ഗവൺമെന്റ് അത് സപ്ലൈ ചെയ്യുന്നത്. അങ്ങനെ ചെയ്യുന്നൊരു നിലവാരത്തിലേക്ക് കേരളത്തെ കൊണ്ടുപോകാതെ, കുട്ടനാട്ടിൽ നെല്ല് വരുന്നു, നെല്ല് ആ സമയത്ത് വാങ്ങാതിരിക്കുന്നു. കൃഷിക്കാർക്ക് വില കിട്ടുകയില്ല, അവിടെക്കിടന്ന് മുളയ്ക്കും. കേരളത്തിൽ നെല്ലിന്റെ ഉൽപ്പാദനം കുറവാണ്, നമ്മൾ മറ്റു സംസ്ഥാനങ്ങളെ ആശ്രയിച്ചു കഴിയുന്നവരാണ്, അവിടെ ക്ഷാമം വന്നാൽ

സംസ്ഥാനത്തും ക്ഷാമം കൂടും. ഇതൊക്കെ എല്ലാപേർക്കും മനസ്സിലാകും, പക്ഷെ ഇവിടെ വിപണി ഇടപെടലിനു വേണ്ടത്ര, പൈസ കൊടുക്കുന്നേയില്ലെന്ന് ആരെങ്കിലും പറഞ്ഞോ, സപ്ലൈകോ പൈസ കൊടുക്കുന്നേയില്ലെന്ന് പറഞ്ഞോ? പക്ഷെ സപ്ലൈകോ-യ്ക്ക് വേണ്ടത്ര പൈസ കൊടുക്കാൻ ഫിനാൻസിന് കഴിയുന്നില്ല, സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ടായിരിക്കാം. അപ്പോൾ വിപണി ഇടപെടലുകൾ മര്യാദയ്ക്ക് നടക്കാത്തതുകൊണ്ടായിരിക്കാം. ബഹുമാനപ്പെട്ട മന്ത്രി എടുക്കേണ്ടിയിരുന്നൊരു നിലപാട്, ഞങ്ങൾ എല്ലാപേരുംകൂടി, കൂടുതലായി കേന്ദ്രത്തിന്റെ സഹായം കിട്ടേണ്ട പ്രശ്നമുണ്ട്, ജി.എസ്.ടി.യുടെ പ്രശ്നമുണ്ട്, പെട്രോളിയം വില വർദ്ധനവിന്റെ പ്രശ്നമുണ്ട്, ആ സ്പിരിറ്റിൽ പോകുകയെന്നല്ലാതെ ഇവിടെ പറഞ്ഞത് ഏതാണ്ടൊരുപാതകമാണ്, എന്നുള്ള നിലയ്ക്കാണ്. ഈ അടിയന്തരപ്രമേയം ഇവിടെ കൊണ്ടുവരാൻ പാടുണ്ടോയെന്നുള്ള നിലയ്ക്കാണ് ബഹുമാനപ്പെട്ട മന്ത്രിയുടെയൊരു സമീപനം അത് ആദ്യമായി കേൾക്കുകയാണ്. അന്തർദേശീയ കാര്യങ്ങൾ പറഞ്ഞ് ന്യായീകരിക്കുന്നത് കേട്ടിട്ടുണ്ട്, ദേശീയകാര്യങ്ങൾ പറഞ്ഞു കേട്ടിട്ടുണ്ട്, അന്തർദേശീയതലത്തിൽ തന്നെയാണല്ലോ ആളുകൾ സാധനങ്ങൾ

വാങ്ങാതെയായപ്പോൾ ഇവർക്കെന്താ ബ്രെഡ്ഡ് തന്നെ തിന്നണമെന്നുണ്ടോ, കേക്ക് തിന്നാൽപോരെയെന്ന് ചോദിച്ചത് അന്തർദേശീയതലത്തിൽ തന്നെയാണ്. ഇന്ത്യയിലും ഉദാഹരണങ്ങൾ ഉണ്ടായിട്ടുണ്ട്, കേരളത്തിൽ കേരളക്കാര് എന്തിനാണ് ഈ അരി തന്നെ തിന്നുന്നത്, കപ്പയും മത്തിയും തിന്നുകൂടെ എന്നു ചോദിച്ച കാലഘട്ടമുണ്ട്, അതുമാതിരിയാണ് ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, എന്തിനാണ് ഈ മുരിങ്ങക്കായുടെ കാര്യം പറഞ്ഞുകൊണ്ട് അസംബ്ലിയിൽ വരുന്നതെന്നാണ്. അങ്ങനെ പറയാൻ പറ്റുമോ? മുരിങ്ങക്കായ്, പച്ചമുളക്, പച്ചക്കറി, കപ്പ, പാവക്ക ഇവയൊക്കെത്തന്നെയല്ലേ പ്രശ്നം. അതുകൊണ്ട് ഇപ്പോൾ ക്രമാതീതമായ ഒരു വില വർദ്ധനവും ജനങ്ങൾക്ക് വാങ്ങാൻ കഴിയാത്ത അവസ്ഥയും, ഇപ്പോൾ വന്നുവന്ന് ആളുകൾക്ക് സാധനങ്ങൾ വാങ്ങാൻ കഴിയുകയില്ലെന്ന് മനസ്സിലാക്കിയിട്ട് ചില ഉൽപ്പാദകർ ബിസ്കറ്റിൽ ക്വാണ്ടിറ്റി കുറയ്ക്കുകയാണ്, ആളുകൾ വാങ്ങാത്തതുകൊണ്ട്. പായ്ക്കറ്റിൽ തൂക്കം കുറച്ചുകൊടുക്കുക, തൂക്കം കുറച്ചാൽ പെട്ടെന്ന് അറിയുകയില്ല, അതുകൊണ്ട് തൂക്കം കുറച്ച് മാർക്കറ്റിൽ ഇറക്കുന്ന പ്രതിഭാസം വരെ തുടങ്ങിയിട്ടുണ്ട്. അതുകൊണ്ട് വിലക്കയറ്റമെന്ന ഒന്നുണ്ട്, വലിയ ബുദ്ധിമുട്ടിലാണ് ജനങ്ങൾ. അതിനുവേണ്ട നടപടികൾ

ഫലപ്രദമായി എടുക്കുകയാണ് ബഹുമാനപ്പെട്ട മിനിസ്റ്റർ ചെയ്യേണ്ടത്. അല്ലാതെ ഈ സംഗതി പറഞ്ഞതിന് അതൊരു വലിയ കുഴപ്പമാണെന്നുള്ള നിലയ്ക്കുള്ള ഒരു മറുപടി അത് തീരെ ശരിയായില്ല. അതുകൊണ്ടുതന്നെ കേരളത്തിലെ ജനങ്ങളുടെ ഈ ബുദ്ധിമുട്ട് നിയമസഭയിൽ വേണ്ടവിധം ഞങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. ജനങ്ങൾക്ക് അന്തർദേശീയ തലത്തിലും ദേശീയതലത്തിലുമുള്ള കാര്യങ്ങൾ പറഞ്ഞ് സായൂജ്യമടയാൻ കഴിയുമോ, അവർക്ക് ജീവിക്കണ്ടേ? സാധങ്ങൾ കിട്ടണ്ടേ, അതിന് ഗവൺമെന്റ് ഇടപെടണം, മന്ത്രിക്ക് ഈ കാര്യത്തിലൊരു പോസിറ്റീവ് സമീപനം ഇല്ലാത്തതുകൊണ്ട് ഞങ്ങൾ വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, നമ്മുടെ സംസ്ഥാനത്ത് സാധാരണക്കാരായ ജനങ്ങൾ വിലക്കയറ്റംമൂലം പൊറുതിമുട്ടുന്നുവെന്നുള്ളത് ഒരു വസ്തുതയായി നിൽക്കുമ്പോൾ ആ പ്രശ്നത്തെ പരിഹരിക്കാൻവേണ്ടി സാധ്യമായ നടപടികളെന്തെല്ലാമാണെന്ന് പരിശോധിക്കുന്നതായിരുന്നു

സർക്കാരിന് നല്ലത്. ജനങ്ങൾക്കുവേണ്ടി ഈ കാര്യങ്ങൾ അവതരിപ്പിക്കുകായെന്നത് നല്ല നിലപാടാണെന്നുള്ളതാണ് ഞങ്ങൾ പ്രതിപക്ഷത്തുനിന്നും ആലോചിച്ചത്. സ്വാഭാവികമായും ഇന്ന് കേരളത്തിൽ വിലക്കയറ്റമില്ലായെന്ന് മന്ത്രി എത്രപ്രാവശ്യം പറഞ്ഞാലും എത്ര മന്ത്രിമാർ പറഞ്ഞാലും ജനങ്ങൾ സമ്മതിക്കുകയില്ല, കാരണം ഇതിവിടെ ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അത് രാഷ്ട്രീയത്തിന് അതീതമായൊരു പ്രശ്നമാണ്. സർക്കാരിനുമേൽ എല്ലാം കെട്ടിവച്ച് ഗവൺമെന്റിനെ പ്രതിക്കൂട്ടിലാക്കാനൊന്നുമല്ലല്ലോ പ്രതിപക്ഷം ശ്രമിച്ചത്, ഇങ്ങനെ വിലക്കയറ്റത്തിന്റെ ഈ ഒരു അവസ്ഥ മുന്നോട്ടുപോയാൽ നമ്മൾ എന്തു ചെയ്യുമെന്നുള്ളതാണ്, അതിനൊരു പരിഹാരമുണ്ടാകണം. അതിന് കാലാകാലങ്ങളിൽ ഇവിടെ ഇടതുപക്ഷം ഭരിച്ചാലും വലതുപക്ഷം ഭരിച്ചാലും ഓരോ ഗവൺമെന്റുകളുടെ കാലത്തും സാധ്യമായ നടപടികൾ സ്വീകരിച്ച നല്ല മാതൃകകളുണ്ട്. ഇന്ന് അതിരൂക്ഷമായൊരു സാഹചര്യത്തിന്റെ മുൻപിൽ ഇതിനെ രാഷ്ട്രീയ തർക്കമായി മാറ്റാതെ, പരിഹാരമുണ്ടാകുകയെന്നതാണ്. അതുകൊണ്ട് സാധ്യമായ നടപടികൾ സ്വീകരിക്കാൻ ഇനിയാണെങ്കിലും ഗവൺമെന്റ് മുന്നോട്ട് വരണം. കൃഷിക്കാരുടെ പേര് പറഞ്ഞുകൊണ്ട്,

കർഷകർക്ക് ഇവിടെ എന്താണ് കിട്ടുന്നത്? കർഷകൻ ഇതുപോലെ തകർന്നൊരു കാലഘട്ടമില്ല. കൃഷിക്കാർക്ക് രക്ഷയില്ലാത്തൊരു അവസ്ഥ ഒരു ഭാഗത്ത് നിൽക്കുകയാണ്, ഹോർട്ടികോർപ്പുവഴി സംഭരിച്ചുവെന്ന് പറഞ്ഞു, ഹോർട്ടികോർപ്പുവഴി സംഭരിച്ചതിന്റെ കാശ് ഇതുവരെ കൊടുത്തിട്ടില്ല, വളരെ കുറച്ചാണ് കൊടുത്തിട്ടുള്ളത്. ബാക്കി ഇനിയും കുടിശിക നിൽക്കുകയാണ്. കഴിഞ്ഞ സഭയിൽ ഇതുസംബന്ധിച്ച് ഞാൻ പ്രശ്നം ഉന്നയിച്ചതാണ്. കൃഷിക്കാരും വിഷമിക്കുകയാണ്, ഒരു കാര്യം പ്രതിപക്ഷനേതാവ് ഇവിടെ ചൂണ്ടിക്കാണിച്ചു. മിനിമം സപ്പോർട്ട് പ്രൈസ് കൊടുക്കുന്നുവെന്ന് പറയും, ഈ മിനിമം സപ്പോർട്ട് പ്രൈസിന്റെയൊക്കെ പതിന്മടങ്ങ് അപ്പുറത്ത് നമ്മുടെ കമ്പോളത്തിൽ വില കയറി നിൽക്കുകയാണ്. ഒന്നുകിൽ പൂഴ്ത്തിവയ്പുകാരോ, കരിഞ്ചന്തക്കാരോ, കൊള്ളക്കച്ചവടക്കാരോ മാർക്കറ്റിൽ കയറി കളിക്കുന്നുവെന്നുള്ളതാണെന്ന് മനസ്സിലാക്കാൻ കഴിയുക. ഇതിനൊരു ഇടപെടലാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത്, അപ്പോൾ നമ്മുടെ സിസ്റ്റത്തിൽ എവിടെയോ വീഴ്ചകൾ സംഭവിച്ചിരിക്കുന്നു, പാളിച്ചകൾ ഉണ്ടായിരിക്കുന്നു. സപ്ലൈകോ-യെക്കൊണ്ടു മാത്രം ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുകയില്ല. മുഴുവൻ മനുഷ്യരും പൊതുമാർക്കറ്റിലേക്ക്

വരികയാണ്, അവരെ കണ്ണുതുറന്ന് കാണാനുള്ളൊരു സമീപനം ഗവൺമെന്റ് കാണണം. ജനങ്ങൾ അനുഭവിക്കുന്ന ദുരിതം പരിഹരിക്കാനും, വിലക്കയറ്റം നിയന്ത്രിക്കാനും, ഈ പ്രശ്നങ്ങൾ പരിഹരിക്കാനും, സർക്കാർ വേണ്ടതുപോലെ ഉണർന്നു പ്രവർത്തിക്കേണ്ടതുണ്ട്. അതിന് തയ്യാറാകാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭ വിട്ട് പുറത്തുപോയി)

ശ്രീ. അനൂപ് ജേക്കബ്: സർ, ഈ കഴിഞ്ഞ 5-ാം തീയതി നക്ഷത്ര ചിഹ്നമിടാത്ത 345-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിൽ അരി ഉൾപ്പെടെ മുളക്, മല്ലി എന്നിവയുടെ വില വർദ്ധിച്ചതായി അങ്ങ് ഈ സഭയിൽ രേഖാമൂലം മറുപടി നൽകിയിട്ടുണ്ട്. ഇവിടെ കെട്ടിച്ചമച്ചൊരു കഥയാണ് ഈ വിലക്കയറ്റമെന്നു പറയുന്നതിൽ അർത്ഥമില്ല, കാരണം ഗവൺമെന്റ് നൽകിയ മറുപടിയാണ് ഇവിടെയുള്ളത്. സപ്ലൈകോയെ സംബന്ധിച്ച് ഇവിടെ പ്രമേയാവതാരകൻ സൂചിപ്പിച്ചു, 200 കോടി രൂപയുടെ വിപണനം നടത്തുന്നുവെന്നുള്ളതല്ല, 200 കോടി രൂപയുടെ സബ്സിഡി മാത്രമേ ലഭിക്കുന്നുള്ളൂ, അത് മതിയാകുന്നില്ലായെന്നുള്ളതാണ്

അടിയന്തരപ്രമേയത്തിൽ അവതരിപ്പിച്ച പ്രധാനപ്പെട്ട വിഷയം. 13 സബ്സിഡി സാധനങ്ങൾക്ക് വില വർദ്ധിപ്പിക്കുവാൻ ഗവൺമെന്റ് തയ്യാറാകുന്നില്ല, കഴിഞ്ഞ ടേം മുതൽ അത് തുടർന്നും വരുന്നു. പക്ഷെ 13 സബ്സിഡി സാധങ്ങളുടെ ലഭ്യതകുറവ് സപ്ലൈകോയിൽ ഉണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ് ആ ഒരു വസ്തുത ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കണം. അതിന് പ്രധാനപ്പെട്ട കാരണമെന്നു പറയുന്നത് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന ഈ സബ്സിഡി തുക തികയുന്നില്ലായെന്നുള്ളതാണ്. അങ്ങയുടെ ചോദ്യത്തിൽ തന്നെ എല്ലാത്തിനും മറുപടിയുണ്ട്, 2016-ലെ പർച്ചേസിംഗ് കപ്പാസിറ്റിയിൽ ഇപ്പോൾ സാധനങ്ങൾ വാങ്ങാൻ കഴിയുമോയെന്ന് അങ്ങ് ഇവിടെ ചോദിച്ചു, അതുതന്നെയാണ് ഇവിടത്തെ വിഷയവും. 2016-ലെ വിലയിൽ വർദ്ധിപ്പിക്കാതെ ഇവർ വാങ്ങിയ അതേ വിലയിൽത്തന്നെ കൊടുക്കുന്ന സാഹചര്യം ഇവിടെയുണ്ടാകുകയാണ്, സബ്സിഡി വർദ്ധിപ്പിക്കാൻ കഴിയണം. ഗവൺമെന്റിന്റെ സാമ്പത്തിക പ്രതിസന്ധി കോർപ്പറേഷന്റെ പ്രവർത്തനങ്ങളെ ബാധിക്കുന്നുവെന്നുള്ളതും വിലക്കയറ്റത്തിന് കാരണമാകുന്നു. മുൻഗണനേതിര വിഭാഗത്തിന് 8 കിലോ അരി നൽകിയതായി മന്ത്രി ഇവിടെ പ്രതിപാദിച്ചത് കേൾക്കാൻ കഴിഞ്ഞു.

ആ സംവിധാനം തുടരാൻ എന്തുകൊണ്ട് ഗവൺമെന്റിന് കഴിയുന്നില്ല? മുൻഗണനേതിര വിഭാഗങ്ങൾക്കും 8 കിലോ അരി കൊടുക്കുന്നുണ്ടെങ്കിൽ അത് തുടർന്നുകൊണ്ടിരുന്നാൽ ഇപ്പോൾ ഉണ്ടായിരിക്കുന്ന ഈ വിലക്കയറ്റത്തെ നിയന്ത്രിക്കാൻ സാധിക്കും. ഒപ്പംതന്നെ പരിശോധനകൾ വരുന്നില്ല, മന്ത്രിയുടെ അടിയന്തരപ്രമേയ മറുപടിയിൽ എത്ര പരിശോധനകൾ നടത്തിയെന്നതിനെ സംബന്ധിച്ച് യാതൊന്നും അദ്ദേഹം ഈ ഫ്ലോറിൽ പറഞ്ഞതായി കേൾക്കാൻ കഴിഞ്ഞില്ല. വിപണിയിൽ പരിശോധനകൾ ഉണ്ടാകുന്നില്ല, കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും മറ്റൊരുഭാഗത്തുകൂടി നടക്കുന്നു. അക്കാര്യത്തിൽ ഇടപെടുന്നതിൽ സർക്കാർ പരിപൂർണ്ണമായും പരാജയപ്പെട്ടിരിക്കുന്നു. അത് വിലക്കയറ്റത്തിലേക്ക് നീങ്ങുന്നു, ആ വിഷയം ചർച്ചചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ്ബ് സഭ വിട്ട് പുറത്തുപോയി)

<u>ശ്രീമതി കെ. കെ. രമ</u>: സർ, വിലക്കയറ്റം രൂക്ഷമാണ്, അതിശക്തമായ വിലക്കയറ്റം കാരണം സാധാരണ ജനങ്ങൾക്ക് മാർക്കറ്റിനെ ആശ്രയിക്കാൻ സാധിക്കുന്നില്ല. ഏകദേശം 10 ശതമാനത്തോളം ജനങ്ങൾക്കുമാത്രമേ

സാധനങ്ങൾ സപ്ലൈകോ വഴി ലഭിക്കുന്നുള്ളൂ, ബാക്കിയെല്ലാപേരും പൊതുമാർക്കെറ്റിനെയാണ് ആശ്രയിക്കുന്നത്. പക്ഷെ പൊതുമാർക്കറ്റിൽ ഇപ്പോൾ വലിയതോതിലുള്ള വിലക്കയറ്റമാണ്. അതിൽ ശക്തമായി ഇടപെടാൻ സർക്കാരിന് സാധിക്കുന്നില്ല. പൊതുമാർക്കറ്റിലുള്ള ഇടപെടൽ ശക്തമാക്കി വിലക്കയറ്റം നിയന്ത്രിക്കാനുള്ള നടപടികളാണ് ആവശ്യം. കോവിഡിനുശേഷം വലിയ ദുരിതത്തിലാണ് സാധാരണ ജനങ്ങൾ, അവർ ജീവിക്കാൻ ബുദ്ധിമുട്ടുന്നൊരു സാഹചര്യം അതിശക്തമായി നിലനിൽക്കുന്നുണ്ട്. വിലക്കയറ്റം പ്രതിപക്ഷത്തിനെ മാത്രം ബാധിക്കുന്നൊരു വിഷയമല്ല. തീർച്ചയായും ഈ സഭയിലെ എല്ലാ ആളുകളും ഒന്നടങ്കം പ്രതിഷേധിക്കേണ്ടതും അതിനനുസരിച്ച് ഉയർന്നുവരേണ്ടതുമായ വിഷയമാണ് വിലക്കയറ്റം. ഇതിനെ ആ രൂപത്തിൽ കണ്ടുകൊണ്ട് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി)

(സഭവിട്ടു പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു. )